18
2025
ഫെബ്രുവരി
ശനി
കുംഭം 6

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.77 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-77 പേജ് 4. വില 2.00 രൂപ

02 ബലാത്സംഗക്കേസ്: സിദ്ദിഖിനെതിരേ തെളിവുണ്ടെന്ന് അന്വേഷണസംഘം

03 ഗാസയിൽ 'നരകത്തിന്റെ വാതിലുകൾ തുറക്കുമെന്ന്" ഇസ്രായേൽ

04 വിദ്വേഷ പരാമർശം; പി. സി. ജോർജിനു ഹൈക്കോടതിയുടെ രൂക്ഷ വിമർശനം

# കേരളം വ്യവസായ സൗഹൃദ സംസ്ഥാനം

## കക്ഷിരാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഒന്നിച്ചു നിൽക്കണം: മന്ത്രി പി രാജീവ്

കൊച്ചി: വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്നും ഇതിന് എതിരെയുള്ള വ്യാജ പ്രചാരണങ്ങൾ അവസാനിപ്പിച്ച് കക്ഷിരാഷ്ട്രീയത്തിന് അതീതമായി എല്ലാവരും നാടിന്റെ മുന്നേറ്റത്തിനായി ഒന്നിച്ച് നിൽക്കണമെന്ന് വ്യവസായ മന്ത്രി പി രാജീവ്. പത്തടിപ്പാലം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. 22,125.83കോടിയുടെ നിക്ഷേപമാണ് കേരളത്തിൽ ഉണ്ടായത്. 344,848 പുതിയ സംരംഭങ്ങൾ ആരംഭിച്ചു. 731,264 ആളുകൾക്ക് തൊഴിലുകൾ നൽകാൻ കഴിഞ്ഞു. ഈ വസ്തുതകൾ



ആർക്കുവേണമെങ്കിലും വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ കൂടുതൽ നിക്ഷേപം വരണം യുവാക്കൾക്ക് ഇവിടെ തന്നെ തൊഴിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടാവണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളം സ്ഥലത്തിന്റെ 3.22 ശതമാനം ജിഡിപിയാണ് രാജ്യത്തിന് സംഭാവന ചെയ്യുന്നത്. ഇത് മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെക്കാൾ വളരെ കൂടുതലാണ്. ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ ഒന്നാമത് എത്താൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണെന്നും മന്ത്രി പറഞ്ഞു.


സംരംഭക വർഷം പദ്ധതിയിലൂടെ വലിയ കുതിപ്പാണ് വ്യവസായ രംഗത്ത് ഉണ്ടായത്. ഒരു മിനിറ്റിൽ ആർക്കും സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്ന രീതിയിലുള്ള സാഹചര്യം ഇവിടെ ഉണ്ടായി. ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങളെല്ലാം കൃത്യമായി ലഭ്യമാണ്. ജിയോ ടാഗ് ചെയ്താണ് വ്യവസായ വകുപ്പ് സ്ഥാപനങ്ങളുടെ പ്രവർത്തനം ഉറപ്പാക്കുന്നത്. പൂട്ടിപ്പോയവ കണക്കിലില്ല. വ്യവസായ വകുപ്പിന്റെ കണക്ക് ആർക്കും പരിശോധിക്കാവുന്നതാണ്. ഗ്രാമ സഭ മോഡൽ സംരംഭക സഭ ഓരോ പഞ്ചായത്തിലും കൊണ്ടു വന്നിട്ടുണ്ട്.യൂണിയൻ ഗവണ്മെന്റിന്റെ എം എസ് എം ഇ നിർവചന പ്രകാരമാണ് സംരംഭങ്ങളെ നിർവചിച്ച് വരുന്നത്. അത് പ്രകാരം ബ്യൂട്ടി പാർലറുകൾ, ജിമ്മുകൾ എന്നിവയെല്ലാം സംരംഭങ്ങളാണ്. കോവിഡിന് ശേഷം ലോകത്ത് പുതിയ വ്യവസായം വരുന്നില്ല. എന്നാൽ കേരളത്തിൽ 254 ശതമാനം പുതിയ വ്യവസായം വന്നു എന്നത് നേട്ടമാണ്. വൻകിട നിക്ഷേപകരെ സ്വാഗതം ചെയ്തുകൊണ്ട് ഇൻവെസ്റ്റ മീറ്റ് എന്ന ചരിത്ര സംഭവത്തിലേക്ക് കാലെടുത്തു വയ്ക്കുകയാണ് കേരളം.

## ബാങ്ക് കൊള്ള; റിജോയെ റിമാൻഡു ചെയ്തു

തൃശൂർ: ഫെഡറൽ ബാങ്കിന്റെ പോട്ട ശാഖയിൽ കൊള്ള നടത്തിയ കേസിൽ അറസ്റ്റിലായ പ്രതി റിജോ ആൻറണിയെ രണ്ടാഴ്ചത്തേക്ക് റിമാൻഡു ചെയ്തു. ചാലക്കുടി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി. കസ്റ്റഡിയിലുള്ള പ്രതിയുമായി തിങ്കളാഴ്ച പോലീസ് തെളിവെടുപ്പ് നടത്തി. തട്ടിയെടുത്ത പണത്തിലെ നല്ലൊരു പങ്ക് സുഹൃത്തിൽ നിന്നു വാങ്ങിയ വായ്പ മടക്കി നൽകാനാണ് റിജോ വിനിയോഗിച്ചതെന്ന് മൊഴി നൽകിയിരുന്നു. മൊഴിയുടെ അടിസ്ഥാനത്തിൽ സുഹൃത്തിന്റെ വീട്ടിൽ എത്തിച്ച് തെളിവെടുപ്പ് നടത്തി.

ബാങ്കിൽ നിന്നും കവർന്ന 15 ലക്ഷം രൂപയിൽ ഏറിയപങ്കും ബണ്ടിൽ പോലും പൊട്ടിക്കാത്ത നിലയിൽ റിജോയുടെ വീട്ടിൽ നിന്നു തന്നെ പോലീസ് കണ്ടെടുത്തിരുന്നു. കവർച്ചയിലൂടെ കിട്ടിയ പണത്തിൽ 294000 രൂപ സുഹൃത്തായ ബിനീഷിന് നൽകി എന്നായിരുന്നു പ്രതി പോലീസിനോട് പറഞ്ഞത്.

## രാഹുലിന്റെ വിയോജിപ്പ് തള്ളി, ഗ്യാനേഷ് കുമാർ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ



ന്യൂഡൽഹി : ഗ്യാനേഷ് കുമാറിനെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണറായി നിയമിച്ചു. സെലക്ഷൻ കമ്മിറ്റി യോഗത്തിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ വിയോജിപ്പു തള്ളിയാണ് നിയമനം. 1988 ബാച്ച് കേരള കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ ഗ്യാനേഷ് കുമാർ ആഗ്ര സ്വദേശിയാണ്. നിലവിലെ മുഖ്യതിരഞ്ഞെടുപ്പ് ഓഫിസർ രാജീവ് കുമാർ ചൊവ്വാഴ്ച സ്ഥാനമൊഴിയും.

ഈ വർഷം ബിഹാറിൽ നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പും അടുത്ത വർഷം ബംഗാൾ, അസം, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ നടക്കുന്ന തിരഞ്ഞെടുപ്പും ഗ്യാനേഷ് കുമാറാകും നിയന്ത്രിക്കുക. മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസറെ തിരഞ്ഞെടുക്കേണ്ട സെലക്ഷൻ കമ്മിറ്റിയിൽനിന്നു സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ കേന്ദ്രം ഒഴിവാക്കിയത് നേരത്തെ വലിയ വിവാദങ്ങൾക്ക് വഴിവച്ചിരുന്നു. ഇതിനെതിരായ ഹർജി സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടിയാണ് രാഹുൽ ഗാന്ധി വിയോജിപ്പ് രേഖപ്പെടുത്തിയത്. ജമ്മു കശ്മീരിൽ ആർട്ടിക്കിൾ 370 റദ്ദാക്കുകയും രണ്ടു കേന്ദ്രഭരണപ്രദേശങ്ങളായി വിഭജിക്കുകയും ചെയ്ത ബിൽ തയാറാക്കുന്നതിന് ഗ്യാനേഷ് കുമാർ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. അന്ന് അദ്ദേഹം ആഭ്യന്തരമന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറിയായിരുന്നു. അതിനു ശേഷം ആഭ്യന്തരമന്ത്രാലയത്തിൽ അഡീഷനൽ സെക്രട്ടറിയായിരിക്കെ ഉത്തർപ്രദേശിലെ അയോധ്യ രാമക്ഷേത്രവുമായി ബന്ധപ്പെട്ട സുപ്രീം കോടതി രേഖകളും കൈകാര്യം ചെയ്തു.

## ഹീമോഫീലിയ ചികിത്സ സാധ്യമായ രീതിയിൽ വികേന്ദ്രീകരിക്കും: മന്ത്രി വീണാ ജോർജ്

പരമാവധി മരുന്ന് സംഭരിച്ച് ഹീമോഫീലിയ ചികിത്സ സാധ്യമായ രീതിയിൽ വികേന്ദ്രീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹീമോഫീലിയ രോഗികളുടെ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കാനുള്ള നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഹീമോഫീലിയ രോഗ പരിചരണത്തിന് രാജ്യത്ത് ആദ്യമായി നൂതന ചികിത്സയായ വിലയേറിയ എമിസിസുമാബ് പ്രൊഫൈലാക്സിസ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. 18 വയസിന് താഴെയുള്ള കുട്ടികൾക്കും 18 വയസിന് മുകളിലുള്ള ഗുരുതര രോഗികൾക്കും ടെക്നിക്കൽ കമ്മിറ്റിയുടെ നിർദേശാനുസരണവും എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി വരുന്നു.

മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിലുള്ള ഉന്നതതല യോഗം ഹീമോഫീലിയ രോഗികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഹീമോഫീലിയ രോഗത്തിനുള്ള മരുന്ന് പ്രതിസന്ധി കഴിഞ്ഞ ഒരു വർഷമായി ആഗോള തലത്തിലുള്ളതിനാൽ വിവിധ കമ്പനികളെ ആശ്രയിച്ച് വേണ്ട ഇടപെടലുകൾ നടത്തി വന്നിരുന്നു. എന്നാൽ ഈ പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിലാണ് മരുന്ന് സംഭരണത്തിനും വികേന്ദ്രീകരണത്തിനും മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നത്.

നിലവിൽ കുട്ടികളും മുതിർന്നവരും ഉൾപ്പെടെ 324 പേർക്ക് എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി വരുന്നുണ്ട്. കഴിഞ്ഞ വർഷം 58 കോടിയോളം രൂപയുടെ ചികിത്സയാണ് സൗജന്യമായി നൽകിയത്. ഹീമോഫിലിയ രോഗികളുടെ പരിചരണവും ചികിത്സയും ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയായ ആശാധാര പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കി വരുന്നത്. 2,194 ഹീമോഫീലിയ രോഗികളുടെ ചികിത്സയും പരിചരണവും ഈ പദ്ധതിയിലൂടെയാണ് നൽകിവരുന്നത്. ഹീമോഫിലിയ പോലെയുള്ള അപൂർവ രോഗം ബാധിച്ചവരെ പ്രത്യേകമായി ചേർത്തുനിർത്തുന്ന സമീപനമാണ് സർക്കാർ എക്കാലവും സ്വീകരിച്ചു വരുന്നതെന്നും മന്ത്രി പറഞ്ഞു.

## ഖത്തർ അമീർ ഇന്ത്യയിൽ; സ്വീകരിക്കാൻ നേരിട്ടെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി

ന്യൂഡൽഹി : രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയെ സ്വീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് ഡൽഹി രാജ്യാന്തര വിമാനത്താവളത്തിലെത്തി. ഹസ്തദാനം നൽകിയ ശേഷം ആലിംഗനം ചെയ്താണ് മോദി അമീറിനെ സ്വാഗതം ചെയ്തത്. ചൊവ്വാഴ്ച രാഷ്ട്രപതി ഭവനിൽ ഔപചാരികമായ സ്വീകരണം ഒരുക്കും.

മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ഖത്തറിലെ വ്യാപാര വാണിജ്യ രംഗത്തെ പ്രമുഖർ ഉൾക്കൊള്ളുന്ന ഉന്നതതല സംഘം തുടങ്ങിയവർ അമീറിനെ അനുഗമിക്കുന്നുണ്ട്.

ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തെക്കുറിച്ചും അവ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും പ്രധാനമന്ത്രിയും അമീറും ചർച്ച നടത്തും. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഖത്തർ സന്ദർശിച്ചിരുന്നു.

ഇതിനു മുൻപ് 2015 മാർച്ചിൽ ഖത്തർ അമീർ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്.



ഇന്ത്യയിലെത്തിയ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വീകരിക്കുന്നു



# പാലക്കാട് ജില്ലാ വനിതാ–ശിശു ആശുപത്രിയിൽ തീപ്പിടിത്തം; രണ്ട് കുട്ടികളെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി

പാലക്കാട്: ജില്ലാ ആശുപത്രിക്കു സമീപത്തെ വനിതാ-ശിശു ആശുപത്രിയിൽ ഞായറാഴ്ച രാത്രി തീപ്പിടിത്തം. രാത്രി പതിനൊന്നരയോടെ വാർഡിനു സമീപമാണു തീപ്പിടിത്തമുണ്ടായത്. ആശുപത്രിയിലേക്ക് ഉയർന്ന ശേഷിയിലുള്ള വൈദ്യുതിയെത്തിക്കുന്ന ഹൈടെൻഷൻ ട്രാൻസ്ഫോർമറിന്റെ ബ്രേക്കറിനു തീ പിടിക്കുകയായിരുന്നു. ഷോർട്ട് സർക്യൂട്ടാണ് അപകടകാരണമെന്നു സംശയിക്കുന്നതായി ആശുപത്രി അധികൃതരും കെഎസ്ഇബി ജീവനക്കാരും പറഞ്ഞു.

വൈദ്യുതിബന്ധം പൂർണമായും തടസപ്പെട്ടു. തീവ്രപരിചരണവിഭാഗത്തിലുണ്ടായിരുന്ന രണ്ടു നവജാതശിശുക്കളെ സ്വകാര്യ ആശുപത്രിയിലേക്കു മാറ്റി.തീ ആളിക്കത്തുന്നതു കണ്ട് രോഗികളുടെ കൂട്ടിരിപ്പുകാരും ആശുപത്രി അധികൃതരും അഗ്നിരക്ഷാസേനയെ വിവരമറിയിക്കുകയായിരുന്നു. ഫയർഫോഴ്സ് എത്തി തീയണച്ചതിനാൽ വലിയ അപകടം ഒഴിവായി. കെഎസ്ഇബി സുൽത്താൻപേട്ട സെക്ഷൻ ഓഫീസിൽനിന്നു ജീവനക്കാരെത്തി വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. ബ്രേക്കർ പൂർണമായും കത്തിയതിനാൽ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാനാവാത്ത സ്ഥിതിയാണെന്നു കെഎസ്ഇബി സബ് എൻജിനീയർ കെ. ബാബു പറഞ്ഞു.

# ബലാത്സംഗക്കേസ്: സിദ്ദിഖിനെതിരേ തെളിവുണ്ടെന്ന് അന്വേഷണസംഘം, കുറ്റപത്രം ഉടൻ സമർപ്പിക്കും

തിരുവനന്തപുരം: സിനിമയിൽ അവസരം നൽകാമെന്നു പറഞ്ഞുവിശ്വസിപ്പിച്ച് യുവനടിയെ ബലാത്സംഗം ചെയ്തെന്ന കേസിൽ നടൻ സിദ്ദിഖിനെതിരേ കുറ്റപത്രം തയാറായി. നടിയെ ബലാത്സംഗം ചെയ്തതിനു വ്യക്തമായ തെളിവുകളുണ്ടെന്നാണ് പോലീസ് പറയുന്നത്.

2016ൽ ആയിരുന്നു കേസിനാസ്പദമായ സംഭവം. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവരുന്നതിനു മുൻപാണ് സിദ്ദിഖിനെതിരേ നടി ആരോപണവുമായി രംഗത്തുവരികയും പോലീസിൽ പരാതി നൽകുകയും ചെയ്തത്. മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസ് നിലവിൽ ക്രൈംബ്രാഞ്ചാണ് അന്വേഷിക്കുന്നത്.

മസ്കറ്റ് ഹോട്ടലിലെ മുറിയിൽ വിളിച്ചുവരുത്തി ബലാത്സംഗത്തിനിരയാക്കിയെന്നാണ് നടി മൊഴി നൽകിയത്. ഹോട്ടലിലെ രജിസ്റ്ററും ജീവനക്കാരുടെ മൊഴിയും പോലീസ് നേരത്തെ ശേഖരിച്ചിരുന്നു. ബലാത്സംഗം നടന്നതിനു ശേഷം നടി ചികിത്സ തേടിയ ഡോക്ടറുടെ മൊഴിയും അന്വേഷണ സംഘം രേഖപ്പെടുത്തിയിരുന്നു.

വർഷങ്ങൾക്കുശേഷം നൽകിയ പരാതി വ്യാജമാണെന്നായിരുന്നു സിദ്ദിഖിന്റെ വാദം. ഹൈക്കോടതി സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയിരുന്നു. ഇതേത്തുടർന്ന് സുപ്രീം കോടതിയെ സമീപിച്ചാണ് സിദ്ദിഖ് മുൻകൂർ ജാമ്യം നേടിയത്.

ക്രൈംബ്രാഞ്ച് സംഘം തയാറാക്കിയ കുറ്റപത്രം ക്രൈംബ്രാഞ്ച് മേധാവിയുടെ അന്തിമ അനുമതിക്കു ശേഷം കോടതിയിൽ സമീപിക്കും. വനിതാ ഐപിഎസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പ്രത്യേക സംഘമാണ് കേസ് അന്വേഷിക്കുന്നത്.

## സിപിഎം നരഭോജികൾ കൊലപ്പെടുത്തിയ കൂടപ്പിറപ്പുകൾ; അക്രമ രാഷ്ട്രീയത്തെ വിമർശിച്ച് തരൂർ

തിരുവനന്തപുരം: സിപിഎം അക്രമ രാഷ്ട്രീയത്തെ വിമർശിച്ച് കോൺഗ്രസ് പ്രവർത്തകസമിതി അംഗം ശശി തരൂർ. പെരിയയിൽ കൊല്ലപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനും ശരത്‌ലാലിനും പ്രണാമം അർപ്പിച്ചുകൊണ്ടാണ് തരൂരിന്റെ എഫ്ബി പോസ്റ്റ്.

സിപിഎം നരഭോജികൾ കൊലപ്പെടുത്തിയ കൂടപ്പിറപ്പുകൾ എന്നാണ് പോസ്റ്റ്. കേരളം വ്യവസായ സൗഹൃദമാണെന്ന് വ്യക്തമാക്കുന്ന തരൂരിന്റെ ലേഖനം വൻ വിവാദത്തിന് ഇടയാക്കിയിരുന്നു. ഇതിനെതിരേ കോൺഗ്രസ് നേതാക്കളെല്ലാം പരസ്യമായി രംഗത്തുവന്നിരുന്നു.

ഇതിനിടെയാണ് കൃപേഷിന്റെയും ശരത്‌ലാലിന്റെയും രക്തസാക്ഷി ദിനത്തിലുള്ള പുതിയ പോസ്റ്റ്. വിവാദമുണ്ടായ പശ്ചാത്തലത്തിൽ ഇത് ബാലൻസ് ചെയ്യാനാണ് തരൂരിന്റെ പുതിയ പോസ്റ്റെന്ന് വിമർശനമുയരുന്നുണ്ട്.

## ഇടുക്കിയിൽ കാർ കൊക്കയിലേക്ക് മറിഞ്ഞ് അപകടം; ഒരാൾ മരിച്ചു; നാല് പേർക്ക് പരിക്ക്

ഇടുക്കി: ഈട്ടിത്തോപ്പിൽ കാർ കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. കാറ്റാടിക്കവല പ്ലാമൂട്ടിൽ മേരി എബ്രഹാം ആണ് മരിച്ചത്.

മേരിയുടെ മകൻ ഷിൻറോ, ഭാര്യ, ഇവരുടെ രണ്ട് മക്കൾ എന്നിവർക്ക് പരിക്കുണ്ട്. ഇതിൽ ഒരു കുട്ടിയുടെ നില ഗുരുതരമാണ്. ഞായറാഴ്ച രാത്രി 11: 30ഓടെയാണ് സംഭവം. ഇവരുടെ പഴയ വീട്ടിൽ പോയി മടങ്ങിവരുമ്പോഴാണ് അപകടം. നിയന്ത്രണം വിട്ട കാർ താഴ്ചയിലേക്ക് മറിയുകയായിരുന്നു.

## ശ്രീകാര്യത്ത് പതിനൊന്നുകാരി വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ

തിരുവനന്തപുരം: ശ്രീകാര്യം പൗഡികോണത്ത് പതിനൊന്നുകാരിയെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ജനലിൽ കെട്ടിയ റിബൺ കഴുത്തിൽ കുരുങ്ങിയ നിലയിലായിരുന്നു മൃതദേഹം. കുട്ടികൾ കളിക്കുന്നതിനിടയിൽ അബദ്ധത്തിൽ റിബൺ കഴുത്തിൽ കുരുങ്ങിയതാകാമെന്നാണ് നിഗമനം.

ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടരയോടെയാണ് സംഭവം. ഈ സമയം മാതാപിതാക്കൾ വീട്ടിലില്ലായിരുന്നു. ഇളയ കുട്ടി വിവരമറിയിച്ചതിനെ തുടർന്ന് സമീപവാസികളെത്തി കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

## പത്തനംതിട്ടയിലെ സിഐടിയു പ്രവർത്തകന്റെ കൊലപാതകം; മൂന്നുപേർ അറസ്റ്റിൽ

പത്തനംതിട്ട: പെരുനാട് മഠത്തുംമൂഴിയിലെ സിഐടിയു പ്രവർത്തകന്റെ കൊലപാതകത്തിൽ മൂന്നുപേർ അറസ്റ്റിൽ. അഖിൽ, ശരൺ, ആരോമൽ എന്നിവരാണ് പിടിയിലായത്. സംഭവത്തിൽ എട്ട് പേർ പ്രതികളായുണ്ടെന്നാണ് എഫ്ഐആറിൽ പറയുന്നത്. നിഖിലേഷ്, വിഷ്ണു, സുമിത്ത്, മനീഷ്, മിഥുൻ എന്നിവർക്കായി തിരച്ചിൽ തുടരുകയാണ്.

കൊല്ലപ്പെട്ടയാളും പ്രതികളും സുഹൃത്തുക്കളാണെന്നും രാഷ്ട്രീയ കൊലപാതകം അല്ലെന്നും പോലീസ് അറിയിച്ചു. ഒളിവിലുള്ള പ്രതികളെ കണ്ടെത്താൻ പോലീസ് അന്വേഷണം ശക്തമാക്കിയിട്ടുണ്ട്.

## മാളയിൽ യുവതിയെ മക്കളുടെ മുന്നിലിട്ട് ഭർത്താവ് വെട്ടിക്കൊലപ്പെടുത്തി

തൃശൂർ: മാള അഷ്ടമിച്ചിറയിൽ ഭർത്താവ് ഭാര്യയെ വെട്ടിക്കൊലപ്പെടുത്തി. അഷ്ടമിച്ചിറ സ്വദേശി വി. വി. ശ്രീഷ്മ മോൾ(39) ആണ് കൊല്ലപ്പെട്ടത്.

മക്കളുടെ മുന്നിൽ വച്ചാണ് ശ്രീഷ്മയെ ഭർത്താവ് ആക്രമിച്ചത്. സംഭവത്തിൽ ഭർത്താവ് വാസനെ പോലീസ് അറസ്റ്റ് ചെയ്തു. കുടുംബവഴക്കാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പോലീസ് അറിയിച്ചു.

## കല്ലമ്പലത്ത് എംഡിഎംഎയുമായി യുവതി അടക്കം രണ്ടു പേർ പിടിയിൽ

തിരുവനന്തപുരം: എംഡിഎംഎയുമായി യുവതി അടക്കം രണ്ടു പേർ പിടിയിൽ. തിരുവനന്തപുരം കല്ലമ്പലത്ത് ആണ് സംഭവം.

വർക്കല താന്നിമൂട് സ്വദേശികളായ ദീപു (25), അഞ്ജന (30) എന്നിവരാണ് പിടിയിലായത്. 25 ഗ്രാം എംഡിഎംഎ ഇവരുടെപക്കൽനിന്ന് കണ്ടെടുത്തു. ബംഗളൂരുവിൽ നിന്നും വന്ന ടൂറിസ്റ്റ് ബസിൽ കല്ലമ്പലത്ത് ഇറങ്ങി വർക്കലയ്ക്ക് പോകാൻ നിൽക്കവേയാണ് ഇവർ പിടിയിലായത്.

ദീപുവിന്റെ പെൺ സുഹൃത്തായ അഞ്ജനയാണ് മയക്കുമരുന്ന് കടത്തിയതിന്റെ മുഖ്യ ആസൂത്രക എന്ന് പോലീസ് അറിയിച്ചു. ദിവസങ്ങളായി നിരീക്ഷണത്തിൽ ആയിരുന്ന ഇവരെ ഡാൻസാഫ് ടീം തന്ത്രപൂർവം പിന്തുടർന്ന് പിടികൂടുകയായിരുന്നു.

## വയോധികയുടെ തലയിൽ തുണിയിട്ട് മാല കവർന്നു; പ്രതി പിടിയിൽ

പത്തനംതിട്ട: വീട്ടിൽ അതിക്രമിച്ചു കയറി വയോധികയുടെ മാല കവർന്ന പ്രതി പിടിയിൽ. പത്തനംതിട്ട ചന്ദനപള്ളിയിൽ ഇന്ന് രാവിലെയാണ് സംഭവം.

ഉഷ എന്ന സ്ത്രീയാണ് പിടിയിലായത്. ചന്ദനപള്ളി സ്വദേശി മറിയാമ്മ സേവ്യറിന്റെ (84) മാലയാണ് ഇവർ കവർന്നത്. ഉഷ മറിയാമ്മയുടെ വീട്ടിൽ മുൻപ് വീട്ടുജോലിക്ക് നിന്നിട്ടുണ്ട്.

മറിയാമ്മയുടെ വീട്ടിലെത്തിയ പ്രതി വയോധികയുടെ തലയിൽ തുണിയിട്ട ശേഷം മാല കവർന്ന് കടന്നുകളയുകയായിരുന്നു. തുടർന്ന് ഉഷ വീട്ടിൽ നിന്നും നടന്ന് പോകുന്നത് മറിയാമ്മയുടെ ബന്ധു കണ്ടിരുന്നു. ഇതാണ് പ്രതിയെ പിടികൂടുന്നതിൽ നിർണായകമായത്.

## ചിന്നക്കനാലിൽ ചക്കക്കൊമ്പന്റെ ആക്രമണം; രണ്ട് വീടുകൾ തകർത്തു

ഇടുക്കി: ചക്കക്കൊമ്പൻ എന്ന കാട്ടാനയുടെ ആക്രമണത്തിൽ രണ്ട് വീടുകൾ തകർന്നു. ചിന്നക്കനാൽ 301 കോളനിയിൽ ഇന്ന് പുലർച്ചെയാണ് സംഭവം.

കല്ലുപറമ്പിൽ സാവിത്രി കുമാരൻ, ലക്ഷ്മി നാരായണൻ എന്നിവരുടെ വീടുകളാണ് കാട്ടാന തകർത്തത്. പ്രദേശത്തെ കൃഷിയിടവും ചക്കക്കൊമ്പൻ നശിപ്പിച്ചിട്ടുണ്ട്.

വീടുകൾ തകർത്ത സമയം ഇവിടുത്തെ താമസക്കാർ ആശുപത്രിയിലായിരുന്നതിനാൽ വലിയ അപകടമാണ് ഒഴിവായത്.

## ചെക്ക്ഡാമിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങിമരിച്ചു

കാസർഗോഡ്: ചെക്ക്ഡാമിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങിമരിച്ചു. വിലങ്ങ് ചെക്ക്ഡാമിൽ കുളിക്കാനിറങ്ങിയ യുവാവാണ് മരിച്ചത്.

വെസ്റ്റ് എളേരി സ്വദേശി അബിൻ ജോണി (27) ആണ് മരിച്ചത്. അബിൻ കൂട്ടുകാർക്കൊപ്പം ഡാമിൽ കുളിക്കാനിറങ്ങിയ സമയത്താണ് അപകടത്തിൽപ്പെട്ടത്.

# മരുമകനെ കൊല്ലാൻ ക്വട്ടേഷൻ; പ്രതിയെ നേപ്പാളിൽ നിന്നും പിടികൂടി

കോഴിക്കോട്: മരുമകനെ കൊല്ലാൻ ക്വട്ടേഷൻ നൽകിയ കേസിലെ പ്രതിയെ നേപ്പാളിൽനിന്ന് കസ്റ്റഡിയിലെടുത്ത് കേരള പോലീസ്.

കേസിലെ പ്രതി മലപ്പുറം കൊണ്ടോട്ടി സ്വദേശി കുണ്ടകുളവൻ വമ്പറമ്പിൽ വീട്ടിൽ മുഹമ്മദ് അഷ്ഫാഖാണ് (72) ചേവായൂർ പോലീസിന്റെ പിടിയിലായത്.

2022ലാണ് കേസിന് ആസ്പദമായ കൊലപാതക ശ്രമം. ബാലുശ്ശേരി സ്വദേശി ലുഖ്മാനുൽ ഹക്കീമിനെ അപായപ്പെടുത്താൻ ശ്രമിച്ച കേസിലാണ് അറസ്റ്റ്. ലുഖ്മാനുലിന്റെ ഭാര്യപിതാവാണ് മുഹമ്മദ് അഷ്ഫാഖാൻ.

കൃത്യം ചെയ്യാൻ ക്വട്ടേഷന്റെ ഭാഗമായി ബേപ്പൂർ സ്വദേശിയായ ജാഷിംഷാക്ക് രണ്ടുലക്ഷം രൂപയും മുഹമ്മദ് അഷ്ഫാഖാൻ നൽകി. ജാഷിംഷാ നാലുപേരെ ഇതിനായി നിയോഗിച്ചു.

ഇവർ ലുക്മാനുൽ ഹക്കീമിനെ തട്ടിക്കൊണ്ടുപോയി എടവണ്ണ കൊണ്ടോട്ടി റോഡിലെ തടി മില്ലിൽ എത്തിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. ചെങ്കല്ല് കൊണ്ട് ഇടിച്ച് കൊല്ലാൻ ശ്രമിയ്ക്കുന്നതിനിടെ ശബ്ദം കേട്ട് നാട്ടുകാർ വന്നപ്പോഴേയ്ക്കും സംഘം കാറിൽ രക്ഷപ്പെട്ടു.

കേസ് അന്വഷണം നടക്കുന്നതിനിടെ വിദേശത്തേക്ക് മുങ്ങിയ അഷ്ഫാഖിനെ കഴിഞ്ഞ ദിവസമാണ് ചേവായൂർ പോലീസ് നേപ്പാളിൽ വച്ച് പിടികൂടിയത്. അന്വേഷണത്തിനിടെ പ്രതി നേപ്പാളിൽ ഉണ്ടെന്ന് മലസിലാക്കുകയും, ചേവായൂർ പോലീസ് സ്റ്റേഷനിലെ പോലീസുകാർ പ്രതിയെ കണ്ടെത്തുന്നതിനായി നേപ്പാളിലേയ്ക്ക് പോകുകയുമായിരുന്നു.

തുടർന്ന് 12–ാം തീയതി നേപ്പാളിലെ കാഠ്മണ്ഡുവിനടുത്തുവെച്ച് വളരെ സാഹസികമായി പ്രതിയെ അന്വേഷണസംഘം കണ്ടെത്തുകയും കസ്റ്റഡിയിൽ എടുക്കുകയുമായിരുന്നു. ഇന്നലെ രാത്രിയോടെ സ്റ്റേഷനിൽ എത്തിച്ച പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## പത്തനംതിട്ടയിൽ യുവാവ് കുത്തേറ്റ് മരിച്ചു

പത്തനംതിട്ട: പെരുനാട് മഠത്തുംമൂഴിയിൽ യുവാവിനെ കുത്തിക്കൊന്നു. സിഐടിയു പ്രവർത്തകനായ ജിതിൻ (36) ആണ് മരിച്ചത്. ആക്രമണത്തിന് പിന്നിലെ കാരണം വ്യക്തമല്ല. പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

## കാട്ടുപന്നി സ്കൂട്ടറിലിടിച്ച് ഏഴ് വയസുകാരിക്കും മാതാപിതാക്കൾക്കും പരിക്ക്

കണ്ണൂർ: കാട്ടുപന്നി സ്കൂട്ടറിലിടിച്ച് ഏഴ് വയസുകാരിക്കും മാതാപിതാക്കൾക്കും പരിക്ക്. മാലൂർ തോലമ്പ്ര സ്വദേശികളായ കെ. എൽ. സുധീഷ്, ഭാര്യ വിജി, മകൾ സ്നേഹ എന്നിവർക്കാണ് പരിക്കേറ്റത്. പനിയെ തുടർന്ന് കുട്ടിയെ ആശുപത്രിയിൽ കാണിച്ച് മടങ്ങിവരുന്നതിനിടെയാണ് സ്കൂട്ടറിൽ കാട്ടുപന്നി ഇടിച്ചത്.

ഞായറാഴ്ച രാത്രി 8.45–ന് തെരുവത്ത് വച്ചായിരുന്നു അപകടം. പിന്നാലെ ഇവരെ കണ്ണൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സനേഹയുടെ തലക്കും കണ്ണിനും പരിക്കേറ്റു. ഒരു പല്ലും പോയി. വിജിയുടെ കണ്ണിനും മുഖത്തുമാണ് പരിക്കേറ്റത്. സ്കൂട്ടർ ഓടിച്ചിരുന്ന സുധീഷിന്റെ ഇടത് തോളെല്ലിനും പരിക്കേറ്റു.

സ്നേഹയെ പനിയെ തുടർന്ന് പേരാവൂർ താലൂക്ക് ആശുപത്രിയിൽ ഞായറാഴ്ച ഉച്ചക്കാണ് പ്രവേശിപ്പിച്ചത്. ഡ്രിപ്പ് ഇട്ട് രാത്രി 8.15 ഓടെ വീട്ടിലേക്ക് മടങ്ങിവരുന്നതിനിടെ തെരുവത്ത് എത്തിയപ്പോൾ കാട്ടുപന്നി റോഡിലൂടെ ഓടി വണ്ടിയിൽ ഇടിക്കുകയായിരുന്നു.

# കൊലപാതക രാഷ്ട്രീയം പ്ലാൻ ചെയ്ത് അവതരിപ്പിച്ച പ്രസ്ഥാനമാണ് ആർഎസ്എസ്: എം. വി. ഗോവിന്ദൻ

റാന്നി: കൊലപാതക രാഷ്ട്രീയം വ്യക്തമായി പ്ലാൻ ചെയ്ത് അവതരിപ്പിച്ച പ്രസ്ഥാനമാണ് ആർഎസ്എസെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. പത്തനംതിട്ടയിൽ ബിജെപിയിൽ നിന്നും നൂറുകണക്കിനാളുകൾ സിപിഎമ്മിലെത്തുന്നതിന് തടയിടാൻ ബിജെപി കണ്ടെത്തിയ മാർഗമാണ് കൊലപാതക രാഷ്ട്രീയമെന്നും അദ്ദേഹം പറഞ്ഞു.

സിഐടിയു പ്രവർത്തകന്റെ കൊലപാതകത്തിലായിരുന്നു ഗോവിന്ദന്റെ പ്രതികരണം. സംഘടനാരംഗത്ത് സജീവമായി നിൽക്കുന്ന പ്രവർത്തകനെയാണ് ബിജെപി– ആർഎസ്എസ് സംഘം മൃഗീയമായി കൊലപ്പെടുത്തിയതെന്നും ഗോവിന്ദൻ പറഞ്ഞു.

ഞായാറാഴ്ച പെരുനാട് മഠത്തുംമൂഴി കൊച്ചുപാലത്തിന് സമീപമുണ്ടായ സംഘർഷത്തിലാണ് സിഐടിയു പ്രവർത്തകനായ പെരുനാട് മാമ്പാറ സ്വദേശി ജിതിൻ(36) മരിച്ചത്. ജിതിന്റെ ശരീരത്തിൽ ആഴമേറിയ മുറിവുകൾ ഉണ്ടെന്നാണ് ഇൻക്വസ്റ്റ് റിപ്പോർട്ട്. തുടയിലും വലതുകൈയിലും വയറിലും വെട്ടേറ്റു.

അക്രമം തടയാനുള്ള ശ്രമത്തിനിടയിൽ കൈവിരലുകൾക്കും മുറിവേറ്റു. മർദനത്തിനു തടസം നിൽക്കാൻ വന്ന ജിതിനെ ആക്രമിക്കുകയായിരുന്നുവെന്നാണ് എഫ്ഐആർ. കേസിൽ എട്ടുപേരെയാണ് പ്രതി ചേർത്തിട്ടുള്ളത്.

## റൺവേയിലെ ലൈറ്റുകൾ പണിമുടക്കി; വിമാനങ്ങൾ വഴിതിരിച്ചുവിട്ടു

തിരുവനന്തപുരം: റൺവേയിലെ ലൈറ്റുകളുടെ തകരാറിനെ തുടർന്ന് തിരുവനന്തപുരത്ത് ഇറങ്ങേണ്ട ഏഴു വിമാനങ്ങൾ വഴിതിരിച്ചുവിട്ടു. ഞായറാഴ്ച വൈകുന്നേരം ആറോടെയാണ് സാങ്കതിക പ്രശ്നം കണ്ടെത്തിയത്. തുടർന്ന് ഇവിടെ ഇറങ്ങേണ്ടിയിരുന്ന അഞ്ചു യാത്രാവിമാനങ്ങളെ കൊച്ചിയിലേക്കും വായുസേനയുടെ രണ്ട് വിമാനങ്ങളെ കൊച്ചി, തഞ്ചാവൂർ എന്നിവിടങ്ങളിലേക്കും തിരിച്ചുവിട്ടു. സാങ്കേതിക തകരാറുകൾ പരിഹരിച്ചതിനെ തുടർന്ന് രാത്രി 7.30ന് ഏഴുവിമാനങ്ങളും മടങ്ങിയെത്തി.

ഡൽഹി, മുംബൈ, ബംഗളൂരു, അബുദാബി, ഷാർജ എന്നിവിടങ്ങളിൽനിന്നുമെത്തിയ യാത്രാ വിമാനങ്ങളെയും വായുസേനയുടെ രണ്ടു വിമാനങ്ങളെയുമാണ് തിരിച്ചുവിട്ടതെന്ന് വിമാനത്താവള അധികൃതർ പറഞ്ഞു. തിരുവനന്തപുരം വിമാനത്താവളത്തിലെ റൺവേയുടെ പുനർനിർമാണം നടക്കുകയാണ്.

മാർച്ച് 29ന് നിർമാണം പൂർത്തിയാകുമെന്നും രാവിലെ ഒമ്പതു മുതൽ വൈകുന്നേരം ആറുവരെ റൺവേ അടച്ചിട്ടാണ് നിർമാണം നടത്തുന്നതെന്ന് അധികൃതർ പറഞ്ഞു. സിഐടിയു പ്രവർത്തകന്റെ കൊലപാതകം; പിന്നിൽ ബിജെപി – ആർഎസ്എസ് പ്രവർത്തകരെന്ന് സിപിഎം

## സിഐടിയു പ്രവർത്തകന്റെ കൊലപാതകം; പിന്നിൽ ബിജെപി – ആർഎസ്എസ് പ്രവർത്തകരെന്ന് സിപിഎം

പത്തനംതിട്ട: സിഐടിയു പ്രവർത്തകൻ കുത്തേറ്റ് മരിച്ചതിനു പിന്നിൽ ബിജെപി – ആർഎസ്എസ് പ്രവർത്തകരാണെന്ന് ആരോപിച്ച് സിപിഎം നേതാക്കൾ രംഗത്ത്. ഞായാറാഴ്ച രാത്രി പത്തോടെ പെരുനാട് മഠത്തുംമൂഴി കൊച്ചുപാലത്തിന് സമീപമുണ്ടായ സംഘർഷത്തിൽ പെരുനാട് മാമ്പാറ സ്വദേശി ജിതിൻ(36)ആണ് മരിച്ചത്.ഇരു വിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിനിടെ ജിതിന് കുത്ത് ഏൽക്കുകയായിരുന്നു. ഉടൻ തന്നെ പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിലും എത്തിച്ചെങ്കിലും ജീവൻ നഷ്ടമായിരുന്നു. ആക്രമണത്തിൽ മറ്റ് രണ്ടു പേർക്കും പരിക്കേറ്റിട്ടുണ്ട്. മഠത്തുംമൂഴി പ്രദേശത്ത് യുവാക്കൾ തമ്മിൽ നേരത്തെ സംഘർഷം നിലനിന്നിരുന്നു. ഇതിന്റെ തുടർച്ചയായാണ് വീണ്ടും സംഘർഷമുണ്ടായത് എന്നാണ് സൂചന. എന്നാൽ സംഭവത്തിനു പിന്നിൽ രാഷ്ട്രീയമില്ലെന്ന് പോലീസ് പറഞ്ഞു. പ്രതികൾക്കായി തെരച്ചിൽ ആരംഭിച്ചെന്നും ജില്ലയിൽ കനത്ത സുരക്ഷ ഏർപ്പെടുത്തിയെന്നും എസ്പി വ്യക്തമാക്കി. ജിതിന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും.

## കെ. കെ. ശൈലജയുടെ വ്യാജ വീഡിയോ പ്രചരിപ്പിച്ച കേസ്; ലീഗ് നേതാവിന് പിഴയിട്ട് കോടതി

കോഴിക്കോട്: സിപിഎം നേതാവ് കെ. കെ. ശൈലജയുടെ പേരിൽ വ്യാജ വീഡിയോ പ്രചരിപ്പിച്ച കേസിൽ ലീഗ് നേതാവിന് കോടതി ശിക്ഷ വിധിച്ചു. ന്യൂമാഹി പഞ്ചായത്ത് യുഡിഎഫ് ചെയർമാനും വാർഡംഗവുമായ ടിഎച്ച് അസ്ലമിനോടാണ് കോടതി പിഴയൊടുക്കാൻ നിർദേശിച്ചത്.

തലശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി പതിനയ്യായിരം രൂപയാണ് ഇയാൾക്ക് പിഴയായി വിധിച്ചത്. സംഭവത്തിൽ ചൊക്ലി സ്വദേശിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസ് കേസെടുത്തത്. സമുദായ സ്പർധയുണ്ടാക്കാൻ ശ്രമിച്ചെന്ന വകുപ്പുൾപ്പെടെ ചേർത്താണ് കേസെടുത്തത്.

ലോക്സഭാ തെരഞ്ഞെടുപ്പിൽ വടകരയിലെ എൽഡിഎഫ് സ്ഥാനാർഥിയായിരുന്ന ശൈലജയുടെ പേരിൽ ആണ് വ്യാജ വീഡിയോ പ്രചരിപ്പിച്ചത്. മുസ്ലീങ്ങൾ വർഗീയവാദികളാണെന്ന് കെ. കെ. ശൈലജ പറഞ്ഞെന്ന രീതിയിലാണ് വാട്സാപ്പ് ഗ്രൂപ്പുകളിൽ വ്യാജ വീഡിയോ പ്രചരിപ്പിച്ചത്.

## പെരിയ കേസ് പ്രതികൾക്ക് പരോൾ നൽകാൻ നീക്കം

കാസർഗോഡ്: യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും ശരത് ലാലിനെയും കൊലപ്പെടുത്തിയ കേസിലെ പ്രതികൾക്ക് പരോൾ നൽകാൻ നീക്കം. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന എട്ടാം പ്രതി സുബീഷ്, പതിനഞ്ചാം പ്രതി സുരേന്ദ്രൻ എന്നിവരാണ് പരോളിന് അപേക്ഷ നൽകിയത്. അപേക്ഷയിൽ ജയിൽ അധികൃതർ പോലീസിന്റെ റിപ്പോർട്ട് തേടിയിട്ടുണ്ട്. കേസിൽ വിധി വന്ന് ഒന്നരമാസം തികയും മുമ്പേ ആണ് പരോൾ അനുവദിക്കാൻ നീക്കം നടക്കുന്നത്. അതേസമയം പ്രതികൾ രണ്ട് വർഷം തടവ് പൂർത്തിയാക്കിയെന്നും നിയമപ്രകാരം ഇവർ പരോളിന് അർഹരെന്നുമാണ് കണ്ണൂർ ജയിൽ സൂപ്രണ്ടിന്റെ വിശദീകരണം. 2019 ഫെബ്രുവരി 17ന് രാത്രി 7.45ന് പെരിയ കല്യോട്ട് വച്ചാണ് കൃപേഷിനെയും, ശരത് ലാലിനെയും അതിക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയത്. കഴിഞ്ഞ ജനുവരി മൂന്നിനാണ് കൊച്ചി സിബിഐ കോടതി കേസിലെ 14 പ്രതികൾക്ക് ശിക്ഷ വിധിച്ചത്.

## വ്യവസായ വളർച്ചയെന്നത് ഊതി വീർപ്പിച്ച കണക്കാണെന്ന് വി. ഡി. സതീശൻ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിനെ പുകഴ്ത്തിയ ശശി തരൂരിന്റെ ലേഖനത്തിലെ കണക്കുകൾ തള്ളി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. വ്യവസായ വളർച്ചയെന്നത് ഊതി വീർപ്പിച്ച കണക്കാണെന്നും തെറ്റായ കണക്കുകൾ കൊണ്ട് ഏച്ചുകെട്ടുകയാണെന്നും സതീശൻ പറഞ്ഞു. തെറ്റ് ബോധ്യപ്പെടുത്തുമെന്ന് പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് പറഞ്ഞു. കേരളം വ്യാവസായിക സൗഹൃദമാക്കാനുള്ള പൂർണപിന്തുന്ന നൽകും. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ കേരളം ഒന്നാമതെന്ന വാദം തെറ്റാണ്. 2021 മുതൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചിക ലോകബാങ്ക് നിർത്തലാക്കിയെന്നും സതീശൻ പറഞ്ഞു.

ജിഎസ്ടി രജിസ്ട്രേഷൻ കൂടിയിട്ടില്ല. ചില്ലറമൊത്ത വില്പന കേന്ദ്രങ്ങളിൽ കൂടി വന്നതോടെ മാത്രമാണ് എംഎസ്എംഇ കൂടിയത്. സംസ്ഥാനത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുകയാണ്.

# ഗാസയിൽ 'നരകത്തിന്റെ വാതിലുകൾ തുറക്കുമെന്ന്' ഇസ്രായേൽ

ജെറുസലേം: ഹമാസ് എല്ലാ ബന്ദികളെ തിരികെ അയച്ചില്ലെങ്കിൽ ഗാസയിൽ 'നരകത്തിന്റെ വാതിലുകൾ തുറക്കുമെന്ന്' ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഇരുകൂട്ടരും തമ്മിലുള്ള ബന്ദി കൈമാറ്റം നടക്കുന്നതിനിടെയാണ് നെതന്യാഹുവിന്റെ ഭീഷണി.

ഗാസയിൽ ഹമാസിനെതിരേ ഇസ്രയേലും അമേരിക്കയും സംയുക്ത നടപടി ആലോചിക്കുന്നുണ്ടെന്നും നെതന്യാഹു വ്യക്തമാക്കി.

തങ്ങൾക്ക് പൊതുവായ ഒരു തന്ത്രമുണ്ട്. ഈ തന്ത്രത്തിന്റെ വിശദാംശങ്ങൾ പൊതുജനങ്ങളുമായി എപ്പോഴും പങ്കിടാൻ കഴിയില്ല. അവർ ഒന്നൊഴിയാതെ എല്ലാ ബന്ദികളെയും മോചിപ്പിച്ചില്ലെങ്കിൽ ഗാസയിൽ നരകത്തിന്റെ വാതിൽ തുറക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ കുറിച്ച് ആലോചിക്കേണ്ടിവരുമെന്നും നെതന്യാഹു വ്യക്തമാക്കി.

യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം നടത്തിയ സംയുക്ത പ്രസ്താവനയിലാണ് നെതന്യാഹുവിന്റെ പരാമർശം. ഹമാസിന്റെ സൈനികശേഷിയെയും ഗാസയിലെ അവരുടെ ഭരണവും തങ്ങളില്ലാതാക്കും. ഇനിയൊരിക്കലും ഗാസ ഇസ്രയേലിന് ഭീഷണിയാകില്ലെന്ന് ഉറപ്പുവരുത്തും. ഈ ലക്ഷ്യങ്ങൾ വേഗത്തിൽ നേടാൻ തങ്ങൾക്ക് അമേരിക്കയുടെ അകമഴിഞ്ഞ പിന്തുണയുണ്ടെന്നും നെതന്യാഹു പറഞ്ഞു.

## രണ്ടാം ഏകദിനം: സിംബാബ്‌വെയ്ക്കെതിരെ അയർലൻഡിന് ജയം

ഹരാരെ: സിംബാബ്‌വെയ്ക്കെതിരായ ഏകദിന പരന്പരയിലെ രണ്ടാം മത്സരത്തിൽ അയർലൻഡിന് ജയം. ആറ് വിക്കറ്റിനാണ് അയർലൻഡ് വിജയിച്ചത്. സിംബാബ്‌വെ ഉയർത്തിയ 246 റൺസ് വിജയലക്ഷ്യം എട്ട് പന്ത് ബാക്കിനിൽക്കെ അയർലൻഡ് മറികടന്നു. നായകൻ പോൾ സ്റ്റിർലിംഗിന്റെയും കർട്ടിസ് കാംഫറിന്റെയും മികച്ച പ്രകടനത്തിന്റെ മികവിലാണ് അയർലൻഡ് വിജയലക്ഷ്യം മറികടന്നത്. 89 റൺസെടുത്ത സ്റ്റിർലിംഗാണ് അയർലൻഡിന്റെ ടോപ് സ്കോറർ. കാംഫർ 63 റൺസാണ് എടുത്തത്. ലോർകൻ ടക്കർ 36ഉം ജോർജ് ഡോക്കറൽ 20 ഉം റൺസെടുത്തു. സിംബാബ്‌വെയ്ക്ക് വേണ്ടി ട്രെവർ ഗ്വാൻഡു രണ്ട് വിക്കറ്റെടുത്തു. റിച്ചാർഡ് എൻഗാരവയും ബ്ലെസിംഗ് മുസരബനിയും ഓരോ വിക്കറ്റ് വീതം വീഴ്ത്തി. ആദ്യം ബാറ്റ് ചെയ്ത സിംബാബ്‌വെ 49 ഓവറിൽ പത്ത് വിക്കറ്റ് നഷ്ടത്തിലാണ് 245 റൺസെടുത്തത്. 61 റൺസെടുത്ത വെസ്ലി മധേവരെയാണ് സിംബാബ്‌വെയുടെ ടോപ്സ്കോറർ. സിക്കന്ദർ റാസ 58ഉം വെല്ലിംഗ്ടൺ മസകാഡ്സ 35ഉം ബ്രയാൻ ബെനറ്റ് 30 റൺസുമെടുത്തു. അയർലൻഡിന് വേണ്ടി മാർക്ക് അഡയർ നാല് വിക്കറ്റുകൾ എടുത്തു. കർട്ടിസ് കാംഫർ മൂന്നും ഗ്രഹാം ഹ്യൂം ജോഷ ലിറ്റിലും ആൻഡി മക്ബ്രൈനും ഓരോ വിക്കറ്റ് വീതം വീഴ്ത്തി. ഇതോടെ പരന്പരയിൽ അയർലൻഡ് സിംബാബ്‌വെയ്ക്കൊപ്പമെത്തി(1: 1). മൂന്ന് മത്സരങ്ങളുള്ള പരന്പരയിലെ ആദ്യ മത്സരത്തിൽ സിംബാബ്‌വെ 49 റൺസിന് വിജയിച്ചിരുന്നു. ചൊവ്വാഴ്ചയാണ് പരന്പരയിലെ അവസാന മത്സരം.

## യുഎസിൽനിന്ന് അനധികൃത കുടിയേറ്റക്കാരുമായുള്ള മൂന്നാം വിമാനം എത്തി

അമൃതസർ: അമേരിക്കയിൽനിന്നുള്ള അനധികൃത ഇന്ത്യൻ കുടിയേറ്റക്കാരുമായുള്ള മൂന്നാം വിമാനം പഞ്ചാബിലെത്തി. അമൃതസർ വിമാനത്താവളത്തിലാണ് കുടിയേറ്റക്കാരുമായുള്ള വിമാനം ഇറങ്ങിയത്. 112 പേർ വിമാനത്തിലുള്ളതായാണ് വിവരം. നേരത്തെ രണ്ട് വിമാനങ്ങളിൽ എത്തിച്ച അനധികൃത കുടിയേറ്റക്കാരെ വിമാനത്തിൽ കൈ കാലുകൾ ബന്ധിച്ച് കൊണ്ടുവന്നത് വലിയ വിമർശനങ്ങൾക്ക് ഇടയാക്കിയിരുന്നു.

## പതിനഞ്ചുകാരന്റെ കൈയിലിരുന്ന തോക്കിൽനിന്നും വെടിയേറ്റ് നാല് വയസുകാരൻ മരിച്ചു

മാണ്ഡ്യ: കർണാടകയിലെ മാണ്ഡ്യയിൽ പതിനഞ്ചുകാരന്റെ കൈയിലിരുന്ന തോക്കിൽനിന്നും വെടിയേറ്റ് നാല് വയസുകാരൻ മരിച്ചു. കുട്ടിയുടെ അമ്മയ്ക്ക് ഗുരുതരമായി പരിക്കേറ്റു.

മാണ്ഡ്യ നാഗമംഗല താലൂക്കിലാണ് സംഭവം. പശ്ചിമബംഗാൾ സ്വദേശികളായ തൊഴിലാളികളുടെ കുഞ്ഞ് അഭിജീത് (4) ആണ് മരിച്ചത്.

## സംഭാൽ സംഘർഷം; രണ്ടുപേർ പിടിയിൽ

ലക്നോ: സംഭാലിലെ ഷാഹി ജുമാ മസ്ജിദിൽ സർവേ നടത്താൻ അനുമതി നൽകിയ കോടതി ഉത്തരവിന് പിന്നാലെയുണ്ടായ വർഗീയ സംഘർഷത്തിൽ നാലുപേർ കൊല്ലപ്പെട്ട സംഭവത്തിൽ രണ്ടുപേർ പിടിയിൽ. മുഹമ്മദ് ഹസൻ, സമദ് എന്നിവരാണ് അറസ്റ്റിലായത്. ഇരുവരെയും നഖസ പോലീസ് സ്റ്റേഷൻ പരിധിയിൽ വച്ചാണ് അറസ്റ്റ് ചെയ്തത്. ചോദ്യം ചെയ്യലിൽ, നവംബർ 24ന് സർവേയെ എതിർക്കാൻ പള്ളിക്ക് സമീപം തടിച്ചുകൂടിയ ജനക്കൂട്ടത്തിൽ തങ്ങൾ ഉണ്ടായിരുന്നതായി പ്രതികൾ സമ്മതിച്ചതായി പോലീസ് പറഞ്ഞു. 2024 നവംബർ 19ന് ഷാഹി ജുമാ മസ്ജിദിൽ സർവേ നടത്താൻ കോടതി ഉത്തരവിട്ടതിന് പിന്നാലെ അവിടെ വർഗീയ സംഘർഷം പൊട്ടിപ്പുറപ്പെടുകയായിരുന്നു. ഈ സ്ഥലത്ത് മുമ്പ് ഹരിഹർ ക്ഷേത്രം ഉണ്ടായിരുന്നുവെന്ന് അവകാശപ്പെടുന്ന ഒരു ഹർജിയെ തുടർന്നാണ് സംഘർഷം ഉണ്ടായത്. ഹർജിക്ക് പിന്നാലെ നവംബർ 24 ന് മുഗൾ കാലഘട്ടത്തിലെ മസ്ജിദിൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പരിശോധന നടന്നു. പരിശോധനക്കിടെ കല്ലേറുണ്ടാവുകയും അഞ്ച് പേർ കൊല്ലപ്പെടുകയും ഉദ്യോഗസ്ഥരും നാട്ടുകാരും ഉൾപ്പെടെ നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

## ഡൽഹി മുഖ്യമന്ത്രി പ്രഖ്യാപനം നീളുന്നു; നിയമസഭാ കക്ഷി യോഗം മാറ്റി

ന്യൂഡൽഹി: ഫലം വന്ന് രണ്ടാഴ്ചയോളം ആകുന്പോഴും ഡൽഹി മുഖ്യമന്ത്രിയെ ചൊല്ലി ബിജെപിയിൽ തർക്കം മുറുകുന്നു. മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കാനായി ഇന്ന് ചേരാനിരുന്ന ബിജെപിയുടെ നിർണായക നിയമസഭാ കക്ഷി യോഗം ബുധനാഴ്ചത്തേക്ക് മാറ്റി. 70 ൽ 48 സീറ്റും നേടി ബിജെപി വൻ വിജയം നേടിയെങ്കിലും മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കാൻ കഴിയാത്തതിൽ പ്രവർത്തകർക്കിടയിൽ അമർഷം പുകയുകയാണ്. പർവേഷ് വർമ, വിജേന്ദർ ഗുപ്ത, സതീഷ് ഉപാധ്യായ, ആഷിഷ് സൂദ്, ഷിഖ റായ്, രേഖ ഗുപ്ത എന്നീ പേരുകളാണ് അവസാന പട്ടികയിലുള്ളത്. സസ്പെൻസ് അവസാനിപ്പിച്ചുകൊണ്ട് ഇന്ന് ഇക്കാര്യത്തിൽ പ്രഖ്യാപനമുണ്ടായേക്കുമെന്ന് നേരത്തെ സൂചനകളുണ്ടായിരുന്നെങ്കിലും പ്രഖ്യാപനം വൈകുമെന്നാണ് റിപ്പോർട്ട്. മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിൽ പാർട്ടിക്ക് വെല്ലുവിളികളൊന്നുമില്ലെന്നും നേതൃയോഗം ചേർന്ന് പതിനഞ്ച് മിനിറ്റുകൊണ്ട് തീരുമാനമെടുക്കുമെന്നും ദേശീയ അധ്യക്ഷൻ ജെ. പി. നദ്ദ പറഞ്ഞിരുന്നു.

## രഞ്ജി ട്രോഫി സെമി: ഗുജറാത്തിനെതിരേ കേരളത്തിന് ബാറ്റിംഗ്, ടീമിൽ രണ്ടു മാറ്റങ്ങൾ

അഹമ്മദാബാദ്: രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഗുജറാത്തിനെതിരേ കേരളത്തിനു ബാറ്റിംഗ്. ടോസ് നേടിയ കേരള ക്യാപ്റ്റൻ സച്ചിൻ ബേബി ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു.

രണ്ടു മാറ്റങ്ങളോടെയാണ് കേരളം ഇന്നിറങ്ങുന്നത്. യുവതാരം ഷോൺ റോജർക്കു പകരം വരുൺ നായനാർ പ്ലേയിംഗ് ഇലവനിലെത്തിയപ്പോൾ പേസർ ബേസിൽ തമ്പിക്ക് പകരം അഹമ്മദ് ഇമ്രാൻ എത്തി.

കേരളം പ്ലേയിംഗ് ഇലവൻ: അക്ഷയ് ചന്ദ്രൻ, രോഹൻ കുന്നുമ്മൽ, അഹമ്മദ് ഇമ്രാൻ, സച്ചിൻ ബേബി(ക്യാപ്റ്റൻ), ജലജ് സക്സേന, വരുൺ നായനാർ, സൽമാൻ നിസാർ, മുഹമ്മദ് അസ്ഹറുദ്ദീൻ, ആദിത്യ സർവതെ, എം. ഡി. നിധീഷ്, എൻ. പി. ബേസിൽ.

ഗുജറാത്ത് പ്ലേയിംഗ് ഇലവൻ: പ്രിയങ്ക് പഞ്ചാൽ, ആര്യ ദേശായി, സിദ്ധാർഥ് ദേശായി, മനൻ ഹിംഗ്‌രാജിയ, ജയ്മീത് പട്ടേൽ, ഉർവിൽ പട്ടേൽ, ചിന്തൻ ഗജ (ക്യാപ്റ്റൻ), വിശാൽ ജയ്സ്വാൾ, രവി ബിഷ്ണോയ്, അർസൻ നാഗ്വാസ്‌വല്ല, പ്രിയജിത്സിംഗ് ജഡേജ.

രഞ്ജിയിൽ കേരളത്തിന്റെ രണ്ടാമത്തെ സെമിഫൈനലാണിത്. പ്രാഥമിക ഘട്ടത്തിലും ക്വാർട്ടർ ഫൈനലിലും ഒരു മത്സരത്തിലും തോൽക്കാതെയാണ് കേരളത്തിന്റെ വരവ്. കർണാടക, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ബംഗാൾ തുടങ്ങിയ കരുത്തരായ ടീമുകളെ മറികടന്നാണ് കേരളം നോക്കൗട്ടിലേക്ക് യോഗ്യത നേടിയത്. മുംബൈ, ബറോഡ തുടങ്ങിയ കരുത്തരെ തോൽപിച്ചെത്തിയ ജമ്മു കാഷ്മീരിനെയാണ് ക്വാർട്ടറിൽ കേരളം മറികടന്നത്.

മറുവശത്ത് സൗരാഷ്ട്രയെ 98 റൺസിന് തോൽപ്പിച്ചാണ് ഗുജറാത്തിന്റെ വരവ്.

## തപരമായ നഗരങ്ങളിൽ മദ്യം നിരോധിച്ച് മധ്യപ്രദേശ്

ഭോപ്പാൽ: മധ്യപ്രദേശിൽ മതപരമായി പ്രാധാന്യമുള്ള നഗരങ്ങളിൽ മദ്യം നിരോധിച്ച് സർക്കാർ. പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായാണ് മദ്യം നിരോധിച്ചിരിക്കുന്നത്.

ഏപ്രിൽ ഒന്ന് മുതലാണ് നിരോധനം. 17 വിശുദ്ധ നഗരങ്ങൾ ഉൾപ്പെടെ 19 സ്ഥലങ്ങളിൽ 47 സംയോജിത മദ്യശാലകൾ അടച്ചുപൂട്ടുമെന്ന് സർക്കാർ പ്രസ്താവനയിൽ പറയുന്നു.

പുതിയ നയത്തിന്റെ ആദ്യഘട്ടത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ മധ്യപ്രദേശിൽ 'കുറഞ്ഞ ആൽക്കഹോളിക് ബിവറേജ് ബാറുകൾ' ആരംഭിക്കാനും പദ്ധതിയിട്ടു. ഈ പുതിയ ബാറുകളിൽ പരമാവധി ആൽക്കഹോൾ 10 ശതമാനം മാത്രമുള്ള ബിയർ, വൈൻ, റെഡി ടു ഡ്രിങ്ക് ലഹരി പാനീയങ്ങൾ എന്നിവ മാത്രമേ ഉപയോഗിക്കാൻ അനുവദിക്കൂ.

ഇത്തരം ബാറുകളിൽ സ്പിരിറ്റ് ചേർത്തുള്ള പാനീയങ്ങൾ കർശനമായി നിരോധിക്കുമെന്ന് സർക്കാർ പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

## ഇന്ത്യയ്ക്ക് തിരിച്ചടി; വോട്ടിംഗ് ഫണ്ട് റദ്ദാക്കുമെന്ന് അമേരിക്ക

ന്യൂയോർക്ക്: തെരഞ്ഞെടുപ്പുകളിൽ പോളിംഗ് ശതമാനം ഉയർത്തുന്നതിനായി അമേരിക്ക ഇന്ത്യയ്ക്ക് അനുവദിച്ചിരുന്ന ഫണ്ട് റദ്ദാക്കുന്നു. 21 മില്യൺ ഡോളറിന്റെ (182 കോടി രൂപയുടെ) ധനസഹായം റദ്ദാക്കുമെന്ന് ഇലോൺ മസ്കിന്റെ നേതൃത്വത്തിലുള്ള കാര്യക്ഷമതാ വിഭാഗമായ ഡിപ്പാർട്ട്മെൻറ് ഓഫ് ഗവൺമെൻറ് എഫിഷ്യൻസി (ഡോജ്) വ്യക്തമാക്കി. ചെലവുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായാണ് ഇത്തരം നീക്കമെന്നാണ് മസ്കിന്റെ വിശദീകരണം. ചെലവ് വെട്ടിക്കുറച്ചില്ലെങ്കിൽ അമേരിക്കയുടെ സാമ്പത്തിക സ്ഥിതി മോശമാകുമെന്നും മസ്ക് കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസം പ്രധാനമന്ത്രി നരേന്ദ്രമോദി അമേരിക്കൻ സന്ദർശനം നടത്തിയപ്പോൾ ഇലോൺ മസ്ക് ഉൾപ്പെടെയുള്ളവരുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. മോദിയുടെ സന്ദർശനത്തിന് പിന്നാലെ വോട്ടിംഗ് ഫണ്ട് നിർത്തലാക്കിയതെന്ന് ചൂണ്ടികാട്ടി പ്രതിപക്ഷം വിമർശനവുമായി രംഗത്ത് എത്തി. രാജ്യത്തിന് നഷ്ടം സംഭവിക്കുന്നതിൽ പ്രതിപക്ഷത്തിന് സന്തോഷമാണോയെന്ന് ചോദിച്ച് ബിജെപി നേതാക്കളും രംഗത്ത് എത്തി.

## തൃശൂർ ബാറിൽ സംഘർഷം; യുവാവിന്റെ തലയോട്ടി അടിച്ചു തകർത്തു

തൃശൂർ: പെരുമ്പിലാവിൽ ബാറിൽ സംഘർഷം. ആക്രമണത്തിൽ യുവാവിന്റെ തലയോട്ടി അടിച്ചു തകർത്തു. കരിക്കാട് ചോല സ്വദേശി ഷെക്കീറിനാണ് മർദനമേറ്റത്. കെആർ ബാറിലാണ് ഞായറാഴ്ച രാത്രി പത്തോടെയാണ് സംഘർഷമുണ്ടായത്. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ് ഷെക്കീർ. ബാറിലെ സെക്യൂരിറ്റി ജീവനക്കാരാണ് വടി കൊണ്ട് യുവാവിനെ ക്രൂരമായി ആക്രമിച്ച് പരിക്കേൽപ്പിച്ചത്. ബാറിൽവച്ച് യുവാക്കൾ തമ്മിൽ തർക്കം ഉണ്ടായിരുന്നു. ഇതിൽ സെക്യൂരിറ്റി ജീവനക്കാർ ഇടപ്പെട്ടതോടെയാണ് സംഘർഷം ഉണ്ടായത്. പരിക്കേറ്റ യുവാവിനെ കുന്നംകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ കുന്നംകുളം പോലീസ് അന്വേഷണം ആരംഭിച്ചു.

## വിമാനത്താവളത്തിൽ നിന്നും വജ്രമാല മോഷ്ടിച്ചു; ഒരാൾ അറസ്റ്റിൽ

ന്യൂഡൽഹി: ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ആറ് കോടി രൂപ വിലമതിക്കുന്ന വജ്രമാല കടത്തിയ കേസിൽ ഒരാളെ കസ്റ്റംസ് അറസ്റ്റ് ചെയ്തു. എയർ ഇന്ത്യ വിമാനമായ എഐ 356 ൽ ബാങ്കോക്കിൽ നിന്നുമെത്തിയ ഇന്ത്യക്കാരനാണ് പിടിയിലായത്.

വിമാനത്താവളത്തിലെ കസ്റ്റംസ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിലാണ് യാത്രക്കാരനെ തിരിച്ചറിഞ്ഞത്. തുടർന്ന് നടത്തിയ പരിശോധനയിൽ വജ്രങ്ങൾ പതിച്ച മാല കണ്ടെത്തി. കള്ളക്കടത്ത് സാധനങ്ങൾ പിടിച്ചെടുക്കാൻ അനുവദിക്കുന്ന 1962 ലെ കസ്റ്റംസ് ആക്ടിലെ സെക്ഷൻ 110 പ്രകാരമാണ് മാല കണ്ടുകെട്ടിയത്. ഇയാൾ റിമാൻഡിലാണ്.

## ബിഹാറിലും ശക്തമായ ഭൂചലനം

ന്യൂഡൽഹി: ഡൽഹിക്ക് പിന്നാലെ ബിഹാറിലും ശക്തമായ ഭൂചലനം. റിക്ടർ സ്കെയിലിൽ 4.0 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമാണ് ഉണ്ടായതെന്ന് നാഷണൽ സെൻറർ ഫോർ സീസ്മോളജി അധികൃതർ അറിയിച്ചു.

ഇന്ന് രാവിലെ 8.02ന് ബിഹാറിലെ സിവാനിലാണ് ഭൂചലനം അനുഭവപ്പെട്ടതെന്നും ആളപായം ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും അധികൃതർ അറിയിച്ചു.

ഡൽഹിയിൽ ഇന്ന് പുലർച്ചെ 5.36 നാണ് റിക്ടർ സ്കെയിലിൽ 4.0 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്. ശക്തമായ പ്രകമ്പനവും വലിയ ശബ്ദവുമുണ്ടായതായി പ്രദേശവാസികൾ പറയുന്നു. ഡൽഹിയാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രമെന്നും പരിഭ്രമിക്കേണ്ട സാഹചര്യമില്ലെന്നും അധികൃതർ പറഞ്ഞു.

ഡൽഹി, നോയിഡ, ഗ്രേറ്റർ നോയിഡ, ഗാസിയാബാദ് എന്നിവിടങ്ങളിൽ ശക്തമായ ചലനമാണ് അനുഭവപ്പെട്ടത്.

## ഡൽഹിയിൽ ഭൂചലനം; റിക്ടർ സ്കെയിൽ 4.0 രേഖപ്പെടുത്തി

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് ശക്തമായ ഭൂചലനം. തിങ്കളാഴ്ച പുലർച്ചെ 5.36 നാണ് റിക്ടർ സ്കെയിലിൽ 4.0 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്.

ശക്തമായ പ്രകമ്പനവും വലിയ ശബ്ദവുമുണ്ടായതായി പ്രദേശവാസികൾ പറയുന്നു. ഡൽഹിയാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രമെന്നും പരിഭ്രമിക്കേണ്ട സാഹചര്യമില്ലെന്നും അധികൃതർ പറഞ്ഞു. ഡൽഹി, നോയിഡ, ഗ്രേറ്റർ നോയിഡ, ഗാസിയാബാദ് എന്നിവിടങ്ങളിൽ ശക്തമായ ചലനമാണ് അനുഭവപ്പെട്ടത്. ഭൂചലനത്തെ തുടർന്ന് പരിഭ്രാന്തരായ ആളുകൾ തുറസായ സ്ഥലത്തേക്ക് മാറി. ഡൽഹിയിൽ അഞ്ച് കിലോമീറ്റർ ആഴത്തിലാണ് ഭൂചലനത്തിന്റെ പ്രഭവകേന്ദ്രമെന്നാണ് നാഷണൽ സെൻറർ ഫോർ സീസ്മോളജി അറിയിച്ചിരിക്കുന്നത്. ഡൽഹിയും സമീപ പ്രദേശങ്ങളും ഭൂകമ്പ സാധ്യതാ മേഖലയിലുൾപ്പെടുന്ന സ്ഥലങ്ങളാണ്.

## ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവ് ഇന്ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഫെബ്രുവരി 18, 19 തീയതികളിലായി തലസ്ഥാനത്ത് ദേശീയ വനിതാ മാധ്യമ പ്രവർത്തക കോൺക്ലേവ് സംഘടിപ്പിക്കുന്നു. ദ്വിദിന കോൺക്ലേവിന്റെ ഉദ്ഘാടനം ഇന്ന് (18) രാവിലെ 11.30 ന് മാസ്കറ്റ് ഹോട്ടലിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

വി കെ പ്രശാന്ത് എംഎൽ.എ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മുഖ്യാതിഥിയാകും. പ്രമുഖ പത്രപ്രവർത്തകയായിരുന്ന എം ഹലീമാബീവിയെക്കുറിച്ച് വകുപ്പ് തയ്യാറാക്കിയ ഹ്രസ്വചിത്രം മന്ത്രി പ്രകാശനം ചെയ്യും. മേയർ ആര്യാ രാജേന്ദ്രനും മാധ്യമ പ്രവർത്തക മായാ ശർമയും മുഖ്യപ്രഭാഷണം നടത്തും. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, കെ.യു.ഡബ്ല്യു.ജെ. സംസ്ഥാന പ്രസിഡന്റ് റെജി കെ പി, തിരുവനന്തപുരം ജില്ലാ സെക്രട്ടറി അനുപമ ജി നായർ എന്നിവർ ആശംസകൾ അർപ്പിക്കും. വൈസ് പ്രസിഡന്റ് പി എം കൃപ, സംസ്ഥാന സെക്രട്ടറി ബിനിത ദേവസി എന്നിവർ സന്നിഹിതരാകും. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ് ഹരികിഷോർ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ വകുപ്പ് ഡയറക്ടർ ടി വി സുഭാഷ് നന്ദി പറയും.

മാസ്കറ്റ് ഹോട്ടലിലെ കോൺക്ലേവിന്റെ ഉദ്ഘാടനത്തിനു ശേഷം ടാഗോർ തിയേറ്ററിൽ പാനൽ ചർച്ചകളും ചാറ്റ് സെഷനുകളും നടക്കും. ആദ്യ ദിനം ഉച്ചക്ക് 2.30 മുതൽ വാർത്തകളിലെ സ്ത്രീ, മാധ്യമങ്ങളിലെ ലിംഗസമത്വം എന്നീ വിഷയങ്ങളിൽ നടക്കുന്ന പാനൽ ചർച്ചകൾക്കുശേഷം വൈകിട്ട് കലാ സന്ധ്യയും അരങ്ങേറും. രണ്ടാം ദിനത്തിൽ നടക്കുന്ന സാമൂഹ്യ മാധ്യമങ്ങളിലെ സ്ത്രീ എന്ന വിഷയത്തിലെ പാനൽ ചർച്ചയ്ക്കു ശേഷം ചാറ്റ് സെഷനുകൾ നടക്കും. റാണ അയൂബ്, ലീന രഘുനാഥ്, മായാ ശർമ, മീന കന്ദസ്വാമി, അനിത പ്രതാപ് ഉൾപ്പെടെയുള്ളവർ പങ്കെടുക്കും. കേരളത്തിൽ നിന്നുള്ള പ്രമുഖ മാധ്യമ പ്രവർത്തകരും പാനൽ ചർച്ചകളിൽ പങ്കെടുക്കും. സംസ്ഥാനത്തെ മാധ്യമസ്ഥാപനങ്ങളിൽ നിന്നുള്ള മാധ്യമ പ്രവർത്തകരും, അനുബന്ധ മേഖലയിലുള്ളവരും വിദ്യാർഥികളും കോൺക്ലേവിൽ പ്രതിനിധികളായെത്തും.

കോൺക്ലേവിനോടനുബന്ധിച്ച് വനിതാ മാധ്യമ പ്രവർത്തകരുടേയും ഫോട്ടോഗ്രാഫർമാരുടേയും ഫോട്ടോകളുടെ പ്രദർശനം ടാഗോർ തീയേറ്ററിൽ നടക്കും. ഫെബ്രുവരി 19ന് കോൺക്ലേവ് സമാപിക്കും.

## കവർച്ചാ ശ്രമത്തിനിടെ ആം ആദ്മി പാർട്ടി നേതാവിന്റെ ഭാര്യ കൊല്ലപ്പെട്ടു

ന്യൂഡൽഹി: പഞ്ചാബിൽ കവർച്ചാ ശ്രമത്തിനിടെ ആം ആദ്മി പാർട്ടി നേതാവിന്റെ ഭാര്യയെ കൊലപ്പെടുത്തി കൊള്ളസംഘം. ലുധിയാനയിലെ റൂർക്ക ഗ്രാമത്തിന് സമീപം ശനിയാഴ്ച രാത്രി സംഭവം നടന്നത്. ആം ആദ്മി നേതാവ് അനോഖ് മിത്തലിന്റെ ഭാര്യ ലിപ്സി മിത്തൽ ആണ് മരിച്ചത്. ലുധിയാന-മലേർകോട്‌ല റോഡിലെ ഒരു ഹോട്ടലിൽ നിന്നും അത്താഴം കഴിച്ച് വീട്ടിലേക്ക് മടങ്ങുകയായിരുന്ന ഇരുവരെയും കവർച്ചക്കാർ കാർ തടഞ്ഞുനിർത്തി മൂർച്ചയുള്ള ആയുധങ്ങൾ ഉപയോഗിച്ച് ആക്രമിക്കുകയായിരുന്നു. ലിപ്സി മിത്തൽ (33) സംഭവസ്ഥലത്തുവച്ചുതന്നെ മരിച്ചു. ഭർത്താവിന് ഗുരുതരമായി പരിക്കേറ്റു. ഇയാൾ ആശുപത്രിയിൽ ചികിത്സയിലാണ്.

അക്രമികൾക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ലിപ്സി മിത്തലിന്റെ ബന്ധുക്കൾ ഞായറാഴ്ച വൈകുന്നേരം ആശുപത്രിക്ക് മുന്നിൽ ധർണ നടത്തി.

## ഇംഗ്ലീഷ് പ്രീമിയർ ലീഗ്: ലിവർപൂൾ എഫ്സിക്ക് ജയം

ലിവർപൂൾ: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ ലിവർപൂൾ എഫ്സിക്ക് ജയം. ഇന്ന് നടന്ന മത്സരത്തിൽ വോൾവ്സിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ലിവർപൂൾ തോൽപ്പിച്ചത്. ലിവർപൂളിന് വേണ്ടി ലൂയിസ് ഡയസും മുഹമ്മദ് സാലയും ആണ് ഗോളുകൾ നേടിയത്. മാത്യൂസ് കുൻഹയാണ് വോൾവ്സിനായി ഗോൾ സ്കോർ ചെയ്തത്. വിജയത്തോടെ ലിവർപൂളിന് 60 പോയിൻറായി. പോയിൻറ് ടേബിളിൽ ഒന്നാം സ്ഥാനത്തുള്ള ലിവർപൂൾ കുതിപ്പ് തുടരുകയാണ്.

## ഐഎസ്എൽ: ഈസ്റ്റ് ബംഗാൾ എഫ്സിക്ക് ജയം

കോൽക്കത്ത: ഐഎസ്എല്ലിൽ മുഹമ്മദൻസിനെതിരായ മത്സരത്തിൽ ഈസ്റ്റ് ബംഗാൾ എഫ്സിക്ക് ജയം. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഈസ്റ്റ് ബംഗാൾ വിജയിച്ചത്. നയോറം മഹേഷ് സിംഗ്, സോൽ ക്രെസ്പോ, ഡേവിഡ് ലാഹ്‌ലൻസംഗ എന്നിവരാണ് ഈസ്റ്റ് ബംഗാളിനായി ഗോളുകൾ നേടിയത്. ഫ്രാൻകയാണ് മുഹമ്മദൻസിനായി ഗോൾ നേടിയത്. വിജയത്തോടെ ഈസ്റ്റ് ബംഗാളിന് 21 പോയിൻറായി. നിലവിൽ പോയിൻറ് ടേബിളിൽ പതിനൊന്നാം സ്ഥാനത്താണ് ഈസ്റ്റ് ബംഗാൾ.

## തിരുവനന്തപുരത്ത് കുടുംബവഴക്കിനിടെ രണ്ട് പേർക്ക് വെട്ടേറ്റു

തിരുവനന്തപുരം: പോത്തൻകോട് കുടുംബവഴക്കിനിടെ രണ്ട് പേർക്ക് വെട്ടേറ്റു. പന്തലക്കോട് സ്വദേശികളായ രാജേഷിനും മഹേഷിനും ആണ് വെട്ടേറ്റത്. വെട്ടേറ്റ ഇരുവരേയും തിരുവനന്തപുരം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. ചാരുംമൂട് സ്വദേശി കൊച്ചുമോൻ ആണ് രാജേഷിനെയും മഹേഷിനേയും വെട്ടിയത്. സംഭവത്തിന് ശേഷം പ്രതി കൊച്ചുമോൻ ഒളിവിൽപോയി.

## 'നക്ഷ' സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

നാഷണൽ ജിയോ സ്പെഷ്യൽ നോളജ് ബേസ്ഡ് ലാൻഡ് സർവേ ഓഫ് അർബൻ ഹാബിറ്റേഷൻ (നക്ഷ) ന്റെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 18 ന് ഉച്ചയ്ക്ക് 12 ന് നെയ്യാറ്റിൻകര ടി.ജെ ഓഡിറ്റോറിയത്തിൽ റവന്യൂ-ഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ നിർവഹിക്കും.

ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിനുകീഴിൽ നഗര പ്രദേശങ്ങളിലെ എല്ലാ ഭൂമികളും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവേ നടത്തുന്നതിനായിട്ടാണ് 'നക്ഷ' പദ്ധതി ആരംഭിക്കുന്നത്. പദ്ധതി പ്രകാരം സ്വകാര്യ ഭൂമികൾ, ഒഴിഞ്ഞ പ്ലോട്ടുകൾ, പൊതുസ്വത്തുക്കൾ, റെയിൽവേ വകുപ്പിന്റെ ഭൂമികൾ, നഗരസഭയുടെ ഭൂമികൾ, ക്ഷേത്രം, ബസ് സ്റ്റാൻഡ്, തോട്, ഇടവഴികൾ, റോഡ്, ജല പൈപ്പ് ലൈൻ, വൈദ്യുതി ലൈൻ, യു.ജി.ഡി ലൈൻ, ടെലിഫോൺ ലൈൻ തുടങ്ങി സർക്കാർ വകുപ്പുകളിലെ വസ്തുകൾ ഉൾപ്പെടെയുള്ളവ സർക്കാർ വകുപ്പിന്റേയും റവന്യു വകുപ്പിന്റേയും നഗരസഭയുടേയും സംയുക്ത സഹകരണത്തോടെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അളന്ന് തിട്ടപ്പെടുത്തി കൃത്യമായ ലാൻഡ് രേഖകൾ തയ്യാറാക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വനിതാമാധ്യമ പ്രവർത്തകർക്ക് മീഡിയ കോൺക്ലേവ് ഊർജമേകും : മന്ത്രി ആർ ബിന്ദു

*** വനിതാ മാധ്യമ പ്രവർത്തകരുടെ ഫോട്ടോ പ്രദർശനത്തിനു തുടക്കം**

അരികുവൽകൃതരുടെ പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വനിതാ മാധ്യമ പ്രവർത്തകർ നടത്തുന്ന ഇടപെടലുകൾ ശ്ലാഘനീയമെന്നും അവർക്ക് ഈ രംഗത്ത് കൂടുതൽ കരുത്തോടെ മുന്നേറാൻ കോൺക്ലേവ് ഊർജമേകുമെന്നും ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഭാഗമായി ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച ഫോട്ടോ പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

വനിതാ മാധ്യമപ്രവർത്തകരുടെ ഉത്തരവാദിത്വം വർദ്ധിച്ചു വരുകയാണ്. സ്ത്രീകളുടെ ജീവിതത്തിന്റെ വിശദാംശങ്ങൾ സ്ത്രീപക്ഷത്ത് നിന്ന് അവതരിപ്പിക്കുന്നതിന് ഇവരുടെ ഇടപെടലുകൾ സഹയകമാകുന്നുണ്ട്. കൂടുതൽ സ്ത്രീകൾ ഇനിയും ഫോട്ടോഗ്രാഫി മേഖലയിലേക്ക് കടന്നുവരേണ്ടതും അതിലൂടെ നമ്മുടെ അധികാര സമവാക്യങ്ങളെ സാമൂഹിക നീതി സങ്കൽപ്പങ്ങൾക്കനുസൃതമായ നിലയിൽ പുതുക്കി പണിയേണ്ടതും അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.



**ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഭാഗമായി ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച ഫോട്ടോ പ്രദർശനത്തിന്റെ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ.ആർ ബിന്ദു നിർവഹിക്കുന്നു**

പ്രശസ്ത വനിതാ ഫോട്ടോ ജേണലിസ്റ്റുകൾ, ഫ്രീലാൻസ് ഫോട്ടോഗ്രാഫർമാർ, വന്യജീവി ഫോട്ടോഗ്രാഫർമാർ എന്നിവരുടെ ശക്തവും ആകർഷകവുമായ 80 സൃഷ്ടികളാണ് പ്രദർശനത്തിലുള്ളത്.

ഫോട്ടോ ജേണലിസം മേഖലയിലെ സ്ത്രീകളുടെ ശ്രദ്ധേയമായ സംഭാവനകൾക്കുള്ള അംഗീകാരമാണ് പ്രദർശനം. നിത്യ ജീവിതത്തിലെ നേർസാക്ഷ്യങ്ങൾ മുതൽ വന്യജീവികളുടെ പ്രശാന്തമായ സൗന്ദര്യം വരെ അതിർവരമ്പുകൾ മറികടന്ന് സൂഷ്മതയോടെ അവതരിപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ ഉൾക്കരുത്ത്, കാഴ്ചപ്പാട്, സാമൂഹിക വീക്ഷണം തുടങ്ങിയവയുടെ പ്രതിഫലനമാണ് ഓരോ ചിത്രവും. വീഴ്ചയുടെ, നീതി നിഷേധത്തിന്റെ, പ്രകൃതിയുടെ, അതിജീവനത്തിന്റെ, വിജയത്തിന്റെ വൈവിധ്യവും ആകർഷകവുമായ ആഖ്യാനങ്ങളും ശേഖരത്തിലുണ്ട്. പ്രദർശനം 19 ന് സമാപിക്കും

# വിദ്വേഷ പരാമർശം; പി. സി. ജോർജിനു ഹൈക്കോടതിയുടെ രൂക്ഷ വിമർശനം

കൊച്ചി: ചാനൽ ചർച്ചയിൽ വിദ്വേഷ പരാമർശം നടത്തിയെന്ന കേസിൽ ബിജെപി നേതാവ് പി. സി. ജോർജിന് ഹൈക്കോടതിയുടെ രൂക്ഷ വിമർശനം. മുൻ ജാമ്യവ്യവസ്ഥകൾ പി. സി. ജോർജ് ലംഘിച്ചുവെന്നും ഇതിന് മുൻപും സമാന കുറ്റകൃത്യം നടത്തിയിട്ടുണ്ടെന്നും ഹൈക്കോടതി വ്യക്തമാക്കി. ജോർജിന്റെ പരാമർശം ഗൗരവതരമാണ്. ജോർജ് ഒരു മുതിർന്ന രാഷ്ട്രീയ നേതാവാണ്. അബദ്ധങ്ങൾ ആവർത്തിക്കുന്നുവെന്നും ഹൈക്കോടതി നിരീക്ഷിച്ചു. കോടതി ഉത്തരവുകൾ എല്ലാവരും ലംഘിച്ചാൽ എന്തു ചെയ്യുമെന്നും കോടതി ചോദിച്ചു. പി. സി. ജോർജ് പത്തു നാൽപ്പതു കൊല്ലമായി പൊതുപ്രവർത്തകനും എംഎൽഎയുമൊക്കെ ആയിരുന്നില്ലേ അത്തരമൊരാൾ എങ്ങനെയാണ് കോടതി ഉത്തരവ് ലംഘിക്കുന്നതെന്നും ജസ്റ്റീസ് പി. വി. കുഞ്ഞികൃഷ്ണൻ ചോദിച്ചു. ജാമ്യാപേക്ഷയിൽ ബുധനാഴ്ച വിധി പറയാമെന്നും കോടതി വ്യക്തമാക്കി. ടെലിവിഷൻ ചർച്ചക്കിടെ മതവിദ്വേഷ പരാമർശം അബദ്ധത്തിൽ പറഞ്ഞു പോയതാണ് ജോർജ് എന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ വാദിച്ചു. അപ്പോൾ തന്നെ മാപ്പും പറഞ്ഞു. മാത്രമല്ല, മുൻ ജാമ്യ ഉത്തരവ് ലംഘിച്ചിട്ടില്ല. പ്രസ്താവനയോ പ്രസംഗമോ നടത്തരുത് എന്നാണ് മുൻ ഉത്തരവിൽ പറയുന്നത്. ഇത് ടെലിവിഷനിലെ ഒരു ചർച്ചക്കിടെ പ്രകോപിതനായപ്പോൾ അബദ്ധത്തിൽ പറഞ്ഞു പോയതാണ് എന്നും അതിനാൽ മുൻകൂർ ജാമ്യം നൽകണമെന്നും അഭിഭാഷകൻ വാദിച്ചു.

എന്നാൽ ജോർജ് തുടർച്ചയായി ഇത്തരം പ്രസ്താവനകൾ നടത്തുന്നുണ്ടെന്ന് പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടി. കഴിഞ്ഞ ജനുവരി അഞ്ചിന് നടന്ന ചാനൽ ചർച്ചയിൽ മുസ്ലിം വിരുദ്ധ പരാമർശം നടത്തിയെന്ന പരാതിയിൽ മതസ്പർദ്ധ വളർത്തൽ, കലാപാഹ്വാനം തുടങ്ങിയ ജാമ്യമില്ലാ വകുപ്പുകൾ ചുമത്തിയായിരുന്നു ജോർജിനെതിരെ ഈരാറ്റുപേട്ട പോലീസ് കേസെടുത്തത്.

# നെയ്യാറ്റിൻകരയിൽ യുവാവിനെ തട്ടികൊണ്ട് പോയി ഗോഡൗണിൽ പാർപ്പിച്ച് മർദിച്ചു; മൂന്ന് പേർ അറസ്റ്റിൽ

തിരുവനന്തപുരം: നെയ്യാറ്റിൻകര അരുമാനൂരിൽ യുവാവിനെ തട്ടികൊണ്ട് പോയി ഗോഡൗണിൽ പാർപ്പിച്ച് മർദിച്ച കേസിൽ മൂന്ന് പേർ അറസ്റ്റിൽ. അരുമാനൂർ സ്വദേശികളായ സുനീഷ്, ജിത്തു, മോനു എന്നിവരാണ് അറസ്റ്റിലായത്.

വെള്ളിയാഴ്ച വൈകുന്നേരമാണ് സംഭവം. പൂവാർ അരുമാനൂർ സ്വദേശി അച്ചുവിനെയാണ് നാലംഗ സംഘം വീട്ടിലെത്തി തട്ടികൊണ്ടുപോയത്. തുടർന്ന് രണ്ട് കിലോമീറ്റർ മാറിയുള്ള ഒരു ഗോഡൗണിൽ പൂട്ടിയിട്ടു. അച്ചുവിന്റെ സുഹൃത്തുമായുള്ള തർക്കമാണ് അച്ചുവിനെ തട്ടികൊണ്ട് പോകാൻ കാരണമായത്. അച്ചുവിനെ പിടികൂടി സുഹൃത്തിനെ ഗോഡൗണിൽ എത്തിക്കുകയായിരുന്നു സംഘത്തിന്റെ ലക്ഷ്യം.

പിന്നാലെ സുഹൃത്തുക്കളും പോലീസും നടത്തിയ പരിശോധനയിൽ അച്ചുവിനെ ഗോഡൗണിൽ നിന്ന് കണ്ടെത്തിയിരുന്നു. യുവാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്.

# ക്രെയിനിന്റെ ടയർ ഇളക്കുന്നതിനിടെ അപകടം; യുവാവ് മരിച്ചു

കൊല്ലം: ക്രെയിനിന്റെ ടയർ ഇളക്കുന്നതിനിടെയുണ്ടായ അപകടത്തിൽ ഹെൽപ്പറായ യുവാവ് മരിച്ചു. രഞ്ജിത്ത് ഭവനിൽ അജിത്ത് (23) ആണ് മരിച്ചത്. കൊല്ലം ബൈപ്പാസിന്റെ നിർമാണത്തിനെത്തിച്ചതായിരുന്നു ക്രെയിൻ. ഇതിന്റെ ടയർ ഇളക്കിമാറ്റുന്നതിനിടെയാണ് അപകടമുണ്ടായത്. നെയ്യാറ്റിൻകരയിൽ യുവാവിനെ തട്ടികൊണ്ട് പോയി ഗോഡൗണിൽ പാർപ്പിച്ച് മർദിച്ചു; മൂന്ന് പേർ അറസ്റ്റിൽ

# സിദ്ധാർഥന്റെ കേസിൽ കർശന ശിക്ഷ നൽകിയിരുന്നെങ്കിൽ കോട്ടയത്തെ റാഗിംഗ് ക്രൂരത ഉണ്ടാവില്ലായിരുന്നു: ചെന്നിത്തല

കോട്ടയം: പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർഥിയായിരുന്ന സിദ്ധാർഥന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസുകളിലെ കോടതിവിധികളെ വിമർശിച്ച് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.

സിദ്ധാർഥനെ മരണത്തിലേക്ക് തള്ളിവിട്ട പ്രതികൾക്ക് കർശന ശിക്ഷനൽകുമെന്ന സന്ദേശം വിധിന്യായത്തിൽ നൽകിയിരുന്നെങ്കിൽ ഇപ്പോൾ കോട്ടയം ഗവൺമെൻറ് നഴ്സിംഗ് കോളജിൽ ഇങ്ങനെയുണ്ടാവില്ലായിരുന്നുവെന്ന് ചെന്നിത്തല പറഞ്ഞു.

കോട്ടയം ഗവൺമെൻറ് നഴ്സിംഗ് കോളജിൽ നടന്നതുപോലെയുള്ള അതിക്രൂരവും ഭീകരവുമായ റാഗിംഗ് സംഭവങ്ങൾ സംസ്ഥാനത്ത് തുടർക്കഥയാവുകയാണ്. ഇതിനൊരു കാരണം നിർഭാഗ്യവശാൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച രണ്ടു വിധിന്യായങ്ങൾ ഇത്തരം റാഗിംഗ് കേസുകളിൽ കൊലയാളികൾക്കു നൽകുന്ന ആനുകൂല്യമാണെന്നും രമേശ് ചെന്നിത്തല കോട്ടയത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ എസ്എഫ്ഐ ഗുണ്ടകളാൽ ക്രൂരമായി റാഗ് ചെയ്യപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ട ജെ. എസ്. സിദ്ധാർഥൻ എന്ന വിദ്യാർഥിയെ പീഡിപ്പിച്ച പ്രതികളുടെ ജാമ്യം, തുടർപഠനം എന്നിവ സംബന്ധിച്ചാണ് കേരള ഹൈക്കോടതി 2024ൽ ഈ രണ്ടു വിധിന്യായങ്ങൾ പുറപ്പെടുവിച്ചത്.

ഹൈക്കോടതി 2024 മേയ് 31ന് പുറപ്പെടുവിച്ച വിധിയിലൂടെ കേസിലെ മുഴുവൻ പ്രതികൾക്കും ജാമ്യം അനുവദിക്കുകയായിരുന്നു. നിയമപരമായി പ്രതികൾക്ക് ജാമ്യം അനുവദിച്ചതിനെ ന്യായീകരിച്ചാൽ പോലും, ജാമ്യം അനുവദിക്കാൻ കോടതി നിരത്തിയ ന്യായങ്ങൾ ഞെട്ടിക്കുന്നതും തീർത്തും വാസ്തവവിരുദ്ധവും പ്രതികളെ അടിമുടി ന്യായീകരിക്കുന്നതുമായിരുന്നു.

അങ്ങനെ സിദ്ധാർഥൻ എന്ന വിദ്യാർഥിയെ അതിക്രൂരമായി ആക്രമിച്ച് പീഡിപ്പിച്ച മുഴുവൻ പ്രതികളും ഹൈക്കോടതി വിധിയിലൂടെ ജാമ്യത്തിൽ ഇറങ്ങി. ഒപ്പം പ്രതികൾ സിദ്ധാർഥനെ ജീവനൊടുക്കാൻ പ്രേരിപ്പിച്ചില്ല എന്ന സർട്ടിഫിക്കറ്റും കോടതി പ്രതികൾക്ക് നൽകി. തുടർന്ന് 2024 ഡിസംബർ അഞ്ചിന് ഹൈക്കോടതി പുറപ്പെടുവിച്ച മറ്റൊരു വിധിയിലൂടെ, കേസിലെ മുഴുവൻ പ്രതികളെയും തൃശൂർ മണ്ണുത്തി കോളജിൽ പ്രവേശിപ്പിക്കാനും കോടതി ഉത്തരവിട്ടു. എന്ന് മാത്രമല്ല, സിദ്ധാർഥൻ അതിക്രൂരമായി പീഡനത്തിന് ഇരയായി എന്ന് കണ്ടെത്തിയ ആൻറി റാഗിംഗ് സ്ക്വാഡിന്റെ ഇടക്കാല റിപ്പോർട്ടും റദ്ദാക്കി.

ഭാഗ്യത്തിന്, മരണമടഞ്ഞ സിദ്ധാർഥന്റെ മാതാപിതാക്കളുടെ പോരാട്ടം മൂലം പ്രതികളെ മണ്ണുത്തി കോളജിൽ പഠിപ്പിക്കാനുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബെഞ്ച് താത്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്.

ഇവിടെ ഉയരുന്ന സുപ്രധാന ചോദ്യം, സിദ്ധാർഥൻ എന്ന വിദ്യാർഥിയെ കൊടിയ ശാരീരിക ആക്രമണത്തിനും, പീഡനത്തിനും ഇരയാക്കി ആത്മഹത്യയിലേക്ക് തള്ളിവിട്ട പ്രതികളെയാകെ സംരക്ഷിക്കുന്ന സമീപനത്തിന് പകരം ഹൈക്കോടതി സിദ്ധാർഥനെ മരണത്തിലേക്ക് തള്ളിവിട്ട പ്രതികൾക്ക് കർശനശിക്ഷ ലഭിക്കും എന്ന വ്യക്തമായ സന്ദേശം വിധിന്യായങ്ങളിലൂടെ നൽകിയിരുന്നുവെങ്കിൽ ഇപ്പോൾ കേരളത്തിൽ നടക്കുന്നത് പോലുള്ള ക്രൂരമായ റാഗിംഗ് അനുഭവങ്ങൾ ആവർത്തിക്കപ്പെടുമായിരുന്നോ എന്നതാണ്.

സാധാരണ മനുഷ്യരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്ന ജാഗ്രതയോടെ പ്രവർത്തിക്കുന്ന രക്ഷിതാവാണ് കോടതികൾ എന്ന് കാര്യം നാം മറന്നുകൂടാ എന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

അതേസമയം, കോട്ടയം റാഗിംഗ് കേസുമായി ബന്ധപ്പെട്ട് മന്ത്രി വി. എൻ. വാസവനെതിരേ രൂക്ഷവിമർശനമാണ് ചെന്നിത്തല ഉന്നയിച്ചത്. വാസവൻ പറഞ്ഞത് സംഭവത്തിനു പിന്നിൽ എസ്എഫ്ഐ ഇല്ലെന്നാണ്. എന്നാൽ തെളിവുകൾ സഹിതം ആളുകൾ പറയുന്നു, ഇതിനു നേതൃത്വം കൊടുത്തത് എസ്എഫ്ഐയുടെ ഒരു നേതാവാണെന്ന്. ഒരു മന്ത്രി സംരക്ഷിക്കാൻ വേണ്ടി ഇറങ്ങുമ്പോൾ ഇനി എന്ത് അന്വേഷണമാണ് പോലീസ് നടത്താൻ പോകുന്നതെന്നും ചെന്നിത്തല ചോദിച്ചു.

# നിരുപാധികം മാപ്പ് പറയണം; ജയൻ ചേർത്തലയ്ക്കെതിരേ മാനനഷ്ടക്കേസ് കൊടുക്കാൻ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ

കൊച്ചി: നടനും അമ്മയുടെ മുൻ വൈസ് പ്രസിഡൻറുമായ ജയൻ ചേർത്തലയ്ക്കതിരെ നിർമാതാക്കളുടെ സംഘടനയായ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ രംഗത്ത്. നടനെതിരെ മാനനഷ്ടക്കേസ് കൊടുക്കാനാണ് സംഘടനയുടെ തീരുമാനം.

ആൻറണി പെരുന്പാവൂർ-സുരേഷ് കുമാർ വിവാദങ്ങൾക്കിടയിൽ ജയൻ നടത്തിയ വാർത്തസമ്മേളനത്തിലെ പരമാർശത്തിലാണ് കേസ് ഫയൽ ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. നടന് സംഘടന വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്.

കടക്കെണിയിലായ നിർമാതാക്കളുടെ സംഘടന 'അമ്മ'യിൽ നിന്ന് പണം വാങ്ങി എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് നിർമാതാക്കളുടെ സംഘടന പറയുന്നു. 'അമ്മ'യും നിർമാതാക്കളും നടത്തിയ ഷോ വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിലാണെന്നും അതിലെ വരുമാനം പങ്കിടാൻ കരാർ ഉണ്ടായിരുന്നെന്നും, ഇത് 'അമ്മ'യുടെ സഹായം അല്ലായിരുന്നുവെന്നുമാണ് നിർമാതാക്കളുടെ സംഘടന വക്കീൽ നോട്ടീസിൽ പറയുന്നത്. ഇത്തരം ഒരു ഷോയ്ക്ക് മോഹൻലാൽ സ്വന്തം കാശ് മുടക്കി ടിക്കറ്റ് എടുത്ത് ഗൾഫിലേക്ക് വന്നുവെന്ന ജയൻ ചേർത്തലയുടെ പ്രസ്താവനയും തെറ്റാണെന്നും സംഘടന പറയുന്നു.

പ്രസ്താവനകൾ പിൻവലിച്ച് നിരുപാധിക മാപ്പ് പറയണമെന്നും അല്ലെങ്കിൽ മാനനഷ്ടത്തിന് നിയമപരമായി നീങ്ങുമെന്ന് നിർമാതാക്കളുടെ വക്കീൽ നോട്ടീസിൽ പറയുന്നു. സിനിമ രംഗത്തെ തർക്കം പുതിയ ഘട്ടത്തിൽ എത്തുന്ന സൂചനയാണ് നിർമാതാക്കളുടെ സംഘടന ജയൻ ചേർത്തലയ്ക്ക് അയച്ച വക്കീൽ നോട്ടീസ്.

